ഈ പ്രപഞ്ചത്തെപ്പറ്റി ദൈവത്തിന് കൃത്യമായ ഒരു നിയമമുണ്ട്. മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുമ്പായി അവനുവേണ്ടി ദൈവം പ്രപഞ്ചവസ്തുക്കളെ നിർമ്മിച്ചു. താൻ സൃഷ്ടിച്ചവയുടെ അധിപനായി മനുഷ്യനെ നിയോഗിച്ചുകൊണ്ട് എല്ലാം ഉപയോഗിച്ചുകൊള്ളുവാൻ പറഞ്ഞു. എന്നാൽ മനുഷ്യനെ മറ്റൊരു മനുഷ്യനുമായി ചേർത്തു നിർത്തിയിട്ട് സ്നേഹിക്കുവാനാണ് ദൈവം ആവശ്യപ്പെട്ടത്. കാലത്തിന്റെ കുത്തൊഴുക്കിൽ ഈ നിയമമാണ് കീഴ്മേൽ മറിക്കപ്പെട്ടത്. മനുഷ്യൻ സൃഷ്ടവസ്തുക്കളെ സ്നേഹിക്കുകയും മനുഷ്യനെ ഉപയോഗിക്കുകയും ചെയ്തു തുടങ്ങിയിരിക്കുന്നു. അതാവട്ടെ വലിയ തിന്മയുടെയും അരാജകത്വത്തിന്റെയും വിത്തു പാകുകയും ചെയ്തു.

കൂടെ നിൽക്കുന്നവനെ വിശ്വസിക്കുവാൻ കഴിയാത്തതിനേക്കാൾ വലിയ ദുരിതം സംഭവിക്കാനില്ല. നാം സമൂഹജീവിയാണ്. പരസ്പരം ധാരണയിൽ മാത്രം മുന്നേറാൻ ദൈവം നിയോഗിച്ചയച്ചവർ. അപരൻ എനിക്കു നരകമാണെന്ന് പഴയ തത്വചിന്തയിലേയ്ക്കാണ് നാം മടങ്ങുന്നതെന്ന തിരിച്ചറിവുണ്ടാകുന്നത് നന്ന്. യേശുനാഥൻ ഒരു സ്നേഹവിപ്ലവത്തിനു തുടക്കം കുറിച്ചു കൊണ്ടാണ് ഈ ഭൂമിയിലേക്ക് കടന്നുവന്നത്. ഈ വിപ്ലവത്തിന്റെ ജ്വാലകൾ ഏറ്റുവാങ്ങുന്നിടത്തു മാത്രമേ സമൂഹം ശാശ്വത സമാധാനത്തിന്റെ നന്മ തിരിച്ചറിയുകയുള്ളൂ. ധ്രുതഗതിയിൽ മാറി കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പുതിയ വർഷത്തിന്റെ വെല്ലുവിളിയായി ഈ സ്നേഹ വിപ്ലവത്തെ ഉൾക്കൊള്ളാൻ പരിശ്രമിക്കാം. പ്രത്യാശയോടെ പുതുപുലരിയെ സ്വാഗതം ചെയ്യാം. ❐

All Correspondence and the matters to be published in THE LIGHT OF COCHIN may be addressed to:

**THE EDITOR**
**The Light of Cochin**
**Bishop's House, Fort Cochin- 682 001.**



# The Light of Cochin

## COCHIN DIOCESAN BULLETIN

*Patron*
**Rt. Rev. Dr. John Thattumkal**
Bishop of Cochin

*Editor*
**Rev. Dr. Francis Kurisinkal**

*Circulation Manager*
**Rev. Fr. Xavier Chiramel**

**Vol. XXXVII JANUARY 2008 No. 1**



| ഈ ലക്കത്തിൽ | പേജ് |
|---|---|
| പിതാവ് നമ്മോട് | 03 |
| പത്രാധിപക്കുറിപ്പ് | 05 |
| ജന്മദിനാശംസകൾ | 06 |
| വിശുദ്ധിയുടെ പരിമളം പരത്തി നമ്മോടൊപ്പമൊരാൾ | 07 |
| സർക്കുലർ | 12 |
| Year Planner - 2008 | 34 |
| ചരിത്രത്താളുകളിലൂടെ കാട്ടിപ്പറമ്പ് സെന്റ് ഫ്രാൻസിസ് അസീസി ഇടവക | 46 |

(For Private Circulation only)

Monthly Recollections - 2008 60

ജൂബിലി വർഷപരിപാടികൾ - ജനുവരി 62

രൂപതാ വാർത്തകൾ 63

Bishop's Engagements in January 65

Bishop's Diary 68

Monthly Recollection 69

പ്രീ-കാന കോഴ്സ് 69

പിന്നാമ്പുറം 70


Light of Cochin



### പിതാവ് നമ്മോട്

# പുതുവർഷം

**2008**ലേക്ക് നാം പ്രവേശിക്കുകയാണ്. പുതിയ വർഷത്തിന്റെ പൊൻപുലരി നമ്മെ സംബന്ധിച്ചിടത്തോളം നമ്മുടെ ജീവിതയാത്രയുടെ നിർണ്ണായകമായ ഒരു നാഴികക്കല്ലാണ്. ജൂബിലി നിറവിലെ ഈ പുതുവത്സരം നമ്മെ ഓർമ്മിപ്പിക്കേണ്ടത് ഒത്തിരി കാര്യങ്ങളാണ്. നിറവും കുറവും നമുക്കുണ്ട്. ഓരോ നിറവുകളെയും ഓർത്ത് ദൈവത്തിന് നന്ദി പറയാം. ദൈവം നമ്മുടെ രൂപതയ്ക്കും നമുക്ക് ഓരോരുത്തർക്കും ചൊരിഞ്ഞുതന്ന എണ്ണാനാവാത്ത ദൈവാനുഗ്രഹങ്ങൾക്ക്, വൈവിധ്യമാർന്ന ഓരോ അവസരങ്ങൾക്കും, മധുരിക്കുന്നതും, കയ്പുള്ളതുമായ അനുഭവങ്ങൾക്കും കൂട്ടിയിണക്കിയ കണ്ണികൾക്കും നേടിയെടുത്ത ബന്ധങ്ങൾക്കും ഒക്കെ ദൈവത്തിനു നന്ദി പറയാം.

കഴിഞ്ഞ വർഷത്തിലെ പരാജയങ്ങളിലേക്ക് കണ്ണോടിക്കേണ്ടതുണ്ട്. ഓരോ പരാജയവും വിജയത്തിന്റെ മുന്നോടിയാണ്. വീഴ്ചകൾ ഉയർച്ചയുടെ മുന്നോടിയാണ്. പലപ്പോഴും ജീവിതം എന്നത് ഒരു മത്സരമാണ്. ഈ മത്സരത്തിൽ ഒരാൾക്കും മറ്റൊരാളെ പരാജയപ്പെടുത്താൻ കഴിയില്ല. വിജയവും പരാജയവും ഓരോരുത്തരും സ്വയം നിർണ്ണയിക്കുന്നതാണ്. ജീവിതത്തെ കുറിച്ച് സ്വതന്ത്രമായ കാഴ്ചപാടും ഉൾക്കാഴ്ചയും നേടിയെടുക്കേണ്ട ലക്ഷ്യങ്ങളെപ്പറ്റി വ്യക്തമായ സമീപനവും ഉണ്ടെങ്കിൽ വിജയം സുനിശ്ചിതമാണ്.

ഒത്തിരി പ്രതീക്ഷയും കുറെയേറെ തീരുമാനങ്ങളുമായി 2008നെ വരവേൽക്കുമ്പോൾ നമ്മെ നയിക്കേണ്ട ചിന്ത “വലിയ കാര്യങ്ങൾ ചെയ്യാനായി ഒട്ടും കാത്തിരിക്കാതെ ചെയ്യുന്ന

കാര്യങ്ങളെ വലുതായി കാണുക" എന്നതാണ്. ജീവിതത്തെ ശുഭപ്രതീക്ഷയോടെ കാണാനും പരാജയങ്ങളെ ഉൾക്കൊള്ളാനും അവയിൽ നിരാശരാകാതെ നിരന്തരം പാഠമുൾക്കൊണ്ട് ഭാവിയെ ലക്ഷ്യമാക്കി ജീവിക്കാൻ രൂപതാതനയരായ നമുക്ക് സാധിക്കണം.

സ്വന്തം കുറവുകളെയും വൈകല്യങ്ങളെയും പഴിച്ച് ഒരിക്കലും ജീവിതത്തിൽനിന്ന് ഒളിച്ചോടരുത്. പോരായ്മകളെ അതീജീവിക്കാനുള്ള കഴിവ് നമുക്കുണ്ട്. "എല്ലാവർക്കും ജയിക്കാനും വളരാനുമുള്ള അഗ്രഹമുണ്ട്. എന്നാൽ വളരെ ചെറിയയൊരു ശതമാനത്തിന് മാത്രമേ അതിനുവേണ്ടി പരിശ്രമിക്കാനുള്ള ഇച്ഛാശക്തിയുള്ളൂ." ജീവിതത്തിൽ ചെയ്യുന്ന പ്രവർത്തനങ്ങളിൽ വിജയിക്കാനുള്ള ആഗ്രഹവും, താല്പര്യവും, ആത്മാർത്ഥതയും, കഠിനപ്രയത്നവും ഉത്തരവാദിത്വ ബോധവും ഉണ്ടെങ്കിൽ വിജയിക്കാൻ എളുപ്പമാണ്. നാം വിജയിക്കുകതന്നെ ചെയ്യും.

അലസത വിട്ടുണർന്ന് പുതിയ പുതിയ തിരുമാനങ്ങൾ എടുത്ത് മനുഷ്യസ്നേഹികളായി ജീവിക്കുവാനുള്ള സമയമാണിത്. ദൈവം നമ്മെ ഏല്പിച്ച താലന്തുകളെ കുഴിച്ചു മുടാതെ ഇരട്ടിയാക്കേണ്ട സമയം എല്ലാത്തിലുമുപരി ഈ 2008ൽ ദൈവത്തിൽ പരിപൂർണ്ണമായി ശരണപ്പെടാം.

*പുതുവർഷത്തിന്റെ നന്മകൾ സ്നേഹത്തോടെ നേരുന്നു.*

**✠ ജോൺ തട്ടുങ്കൽ**







**പത്രാധിപക്കുറിപ്പ്**

## 2008 മിഴി തുറക്കുമ്പോൾ ...

**2007** ഓർമ്മയായി. പുതുവർഷപുലരിയിൽ സമ്മിശ്രവികാരങ്ങളുടെ വേലിയേറ്റമാണ് മനസ്സിൽ. ആദ്യം ഉയരുന്ന പ്രാർത്ഥന ഇതുമാത്രം - കടന്നുപോകുന്ന വർഷത്തിൽ കണ്ട പലതും, കേട്ട പലതും പുതുവർഷത്തിൽ കാണുവാനും കേൾക്കുവാനും ഇടവരാതിരിക്കട്ടെ. സങ്കുചിതമനോഭാവങ്ങളുടെയും വിഭാഗീയ ചിന്തകളുടെയും നാമ്പുകൾ പുതുവർഷത്തിൽ കിളിർക്കാതിരിക്കട്ടെ.

വളരേണ്ടതിന്റെ ആവശ്യകത പലരും ഊന്നിപ്പറയുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. വ്യക്തിപരമായും സമൂഹപരമായും വളരണം എന്നത് മുദ്രാവാക്യമായി മാറിയിരിക്കുന്നു. ചെയ്യേണ്ടത് നന്നായി ചെയ്യുന്നതിലാണ് വളർച്ച അടങ്ങിയിരിക്കുക. ജീവിത വിശുദ്ധിയും അതിൽ തന്നെ കുടികൊള്ളുന്നു. ചെയ്യാൻ വേണ്ടി ചെയ്യുന്നവരും, എങ്ങനെയും ചെയ്തു തീർക്കുന്നവരുമാണ് നമ്മൾ. ചെയ്യേണ്ടത് നന്നായി ചെയ്യുക - പുതിയ വർഷത്തിലെ ആപ്തവാക്യം ഇതായിരിക്കട്ടെ.

സഭ ഒത്തിരിയേറെ വിമർശിക്കപ്പെട്ട വർഷമാണ് കടന്നു പോകുന്നത്. വിമർശനങ്ങളിൽ കഴമ്പുണ്ടോ എന്ന് അന്വേഷിക്കാനുള്ള തുറവിയും ധൈര്യവും പുതിയ വർഷത്തിൽ സഭയ്ക്കുണ്ടാകണം. പ്രതിരോധത്തിന്റെയും പ്രത്യാരോപണങ്ങളുടെയും തലത്തിൽനിന്ന് ആത്മശോധനയുടെയും ആത്മവിമർശനത്തിന്റെയും തലത്തിലേയ്ക്ക് ഉയരേണ്ടിരിക്കുന്നു. തിരുത്തുവാൻ ക്ഷണിക്കുന്നവനും കുറവുകൾ ചൂണ്ടിക്കാണിക്കുന്നവനും നമ്മുടെ എതിരാളിയല്ല എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ജീവിതത്തെയും ജീവിതദൗത്യത്തെയും അർഹിക്കുന്ന ഗൗരവത്തോടെ കാണുമ്പോൾ സ്തുതിപാടകരല്ല, വിമർശകരാണ് പലപ്പോഴും മുന്നോട്ടുള്ള പാതയിൽ വഴികാട്ടികളായി മാറുന്നതെന്നതിന് ചരിത്രം സാക്ഷി. എന്നാലും സ്തുതി പാടകന്റെ സ്തുതി വചനങ്ങൾ പ്രിയങ്കരമാവുമ്പോൾ, യാഥാർത്ഥ്യത്തിൽ എന്നും സത്യത്തിൽനിന്നും നാം ബഹുദൂരം അകന്നു കഴിഞ്ഞുവെന്നതെങ്കിലും മറക്കാതിരിക്കാം.

വളർച്ചയുടെ അടിസ്ഥാനപരമായ ആവശ്യം തിരുത്തേണ്ടത് തിരുത്തുവാൻ തയ്യാറാകുക എന്നുള്ളതാണ്. ചിലപ്പോൾ ശൈലികൾ തിരുത്തേണ്ടി വരും, പദ്ധതികൾ ഉടച്ചുവാർക്കേണ്ടി വരും. എന്തിനും ഒരു ലക്ഷ്യം മാത്രം - പൊതുനന്മ, അപരന്റെ നന്മയും വളർച്ചയും നാം ജീവിതവ്രതമാക്കുമ്പോൾ, ദൗത്യബോധം നമുക്ക് ഉണ്ടാവും അപ്പോൾ വളരുന്നത് നാം മാത്രമായിരിക്കില്ല മറ്റുള്ളവരും നമ്മളോടുകൂടെ വളരും. അവിടെയാണ് വളർച്ച സമഗ്രമാകുക. ഇത്തരമൊരു വളർച്ചയ്ക്കുള്ള നിരന്തരപരിശ്രമമാകട്ടെ പുതിയ വർഷത്തെ നമ്മുടെ മാർഗ്ഗദീപം

***ഏവർക്കും പുതുവത്സരാശംസകൾ***

**എഡിറ്റർ**

# ജന്മദിനാശംസകൾ



**03–01–2008–ൽ**

**75–ാം ജന്മദിനം ആഘോഷിക്കുന്ന**

**ബഹു. പോൾ പുന്നക്കാട്ടുശ്ശേരി അച്ചന്**

**ജന്മദിനാശംസകൾ നേരുന്നു.**





# വിശുദ്ധിയുടെ പരിമളം പരത്തി നമ്മോടൊപ്പമൊരാൾ

ഫാ. പയസ് പഴേരിക്കൽ

**പോ**ളച്ചന് 75 വയസ് പൂർത്തിയാകുന്നു. അതിപ്പോഴേ ആയുള്ളോ എന്നായിരിക്കും നമ്മിൽ പലരുടെയും ഉള്ളിൽ. ഊർജ്ജസ്വലതയ്ക്ക് യാതൊരു കുറവുമില്ലെങ്കിലും നമ്മുടെയെല്ലാം മൂപ്പച്ചനായിട്ടാണല്ലോ നാമദ്ദേഹത്തെ നോക്കിക്കാണുന്നത്. തിരുനാളുകളിലും മറ്റ് ആഘോഷാവസരങ്ങളിലും ഏറെ ഇടങ്ങളിൽ അദ്ദേഹത്തെ ഞാൻ പ്രഭാഷകനായി കണ്ടിട്ടില്ല. എന്നാൽ പ്രധാനപ്പെട്ട പല ചടങ്ങുകളിലും പ്രത്യേകിച്ച് സഹവൈദികരെയും മറ്റ് പ്രമുഖരെയും സ്മരിക്കേണ്ട ചില ഘട്ടത്തിൽ മിക്കവാറും നാം സമീപിക്കുന്നത് പോളച്ചനെയാണ്. അല്പം സമയമെടുത്താണെങ്കിലും സ്മര്യപുരുഷന്റെ ഉള്ളു തന്നെ അദ്ദേഹം കാട്ടിത്തരും. ആ ഉള്ളറിവാണ് അച്ചനെ ഏറെ വ്യത്യസ്തനാക്കുന്നതും ശ്രദ്ധേയനാക്കുന്നതും.

കുമ്പളങ്ങിയിൽ സെന്റ് പീറ്റേഴ്സ് ഇടവകയിൽ പുന്നക്കാട്ടുശ്ശേരി അലക്സാണ്ടറുടെയും മേരിയുടെയും 10 മക്കളിൽ ആറാമതായി 1933 ജനുവരി 3-ാം തിയതി പോളച്ചൻ ജനിച്ചു. അച്ചന്റെ സഹോദരങ്ങളിൽ 3 പേർ ശൈശവത്തിൽതന്നെ മരിച്ചു. മറ്റൊരു സഹോദരി ചെറുപ്രായത്തിൽതന്നെ മരണമടഞ്ഞു. സാമാന്യം ധനസ്ഥിതി ഉള്ളതായിരുന്നു ആ കുടുംബം. എന്നാൽ 1948 മാർച്ച് 11-ാം തിയതിയിൽ സംഭവിച്ച പിതാവിന്റെ അപ്രതീക്ഷിതമരണം ആ കുടുംബത്തെ അനിശ്ചിതത്തിലാഴ്ത്തി. അച്ചനും സഹോദരങ്ങളും തങ്ങളുടെ വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതിന് ഏറെ ബുദ്ധിമുട്ടുകയുണ്ടായി. തങ്ങളെ അപ്രകാരം വളർത്തിയെടുക്കുവാൻ അമ്മ കൈവരിച്ച ത്യാഗം അച്ചന് എത്ര പറഞ്ഞാലും തീരാത്ത ഒന്നത്രേ. പോളച്ചന് ഒരാത്മീയ അടിത്തറ പണിയുവാൻ, എല്ലായ്പോഴും പാവങ്ങളുടെ മനസറിഞ്ഞ് പ്രവർത്തിക്കുവാൻ പ്രേരണയും ശക്തിയും നൽകിയത് ആ അമ്മയുടെ കലർപ്പറ്റ സ്നേഹംതന്നെ.

കുമ്പളങ്ങി സെന്റ് പീറ്റേഴ്സ് സ്കൂളിൽ 7-ാം ക്ലാസ് പൂർത്തിയാക്കിയശേഷം ഒരു വൈദികനാകാനുള്ള ആഗ്രഹത്തോടുകൂടി അദ്ദേഹം ആലപ്പുഴയിലെ ലിയോ XIII അപ്പസ്തോലിക് സ്കൂളിൽ പഠനം തുടർന്നു. അന്ന് അദ്ദേഹത്തിന്റെ സീനിയറായി പുണ്യസ്മരണാർഹനായ ജോസഫ് കുരീത്തറ പിതാവ് പഠിച്ചിരുന്നു. 10-ാം ക്ലാസ് പാസായതിനുശേഷം ആലപ്പുഴ സേക്രട്ട് ഹാർട്ട് മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് മംഗലപ്പുഴ സെമിനാരിയിൽ തത്വശാസ്ത്ര-ദൈവശാസ്ത്രപഠനം പൂർത്തിയാക്കി. ദൈവദാസന്മാരായ ഔറേലിയനച്ചന്റെയും സക്കറിയാസ് അച്ചന്റെയും ശിക്ഷണത്തെ അദ്ദേഹം ഏറ്റം വിലപ്പെട്ട സമ്പത്തായി ഓർമ്മിക്കുന്നു. 1960 മാർച്ച് 11-ാം തിയതി തന്റെ പിതാവിന്റെ 12-ാം ചരമവാർഷികദിനത്തിൽ വരാപ്പുഴ മെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് അട്ടിപ്പേറ്റി തിരുമേനിയിൽനിന്ന് പൗരോഹിത്യപട്ടം സ്വീകരിച്ച അദ്ദേഹം ചെല്ലാനം, എഴുപുന്ന, നീണ്ടകര, മുണ്ടംവേലി, തോപ്പുംപടി, മട്ടാഞ്ചേരി എന്നിവിടങ്ങളിൽ ദീർഘമായ 9 വർഷം അസിസ്റ്റന്റ് വികാരിയായി സേവനമനുഷ്ഠിച്ചു.

പോളച്ചൻ തന്റെ വികാരിമാരായ ഫാ. ജോർജ്ജ് വള്ളോംതയ്യിൽ, ഫാ. ജോസഫ് നടുവത്തമുറി, ഫാ. അഗസ്റ്റിൻ മണക്കാട്ട് തുടങ്ങിയവരെ അഭിമാനത്തോടും നന്ദിയോടും സ്മരിക്കുന്നു. അങ്ങനെ വൈവിധ്യപൂർണമായ അനുഭവസമ്പത്തോടുകൂടി 1969ൽ ചിറക്കൽ സെന്റ് ജോസഫ് ഇടവകയുടെ വികാരിയായി അദ്ദേഹം ചുമതലയേറ്റു. പള്ളിയുംമേടയും ഇരിക്കുന്നതൊഴിച്ച് മറ്റു ഭൂസ്വത്തൊന്നുമില്ലാത്ത ആ ഇടവകയിൽ അത്യാവശ്യം കാര്യങ്ങൾ നിർവഹിക്കുന്നതിന് ഓരോ ആഴ്ചയും ഓരോ കുടുംബത്തിൽനിന്നുമെടുക്കുന്ന പിരിവായിരുന്നു മുഖ്യവരുമാനം. തീർത്തും ദുഷ്കരമായൊരു കാര്യമായിരുന്നു അതെങ്കിൽ പോലും ആത്മീയമായപ്രവർത്തനത്തിന് ഒരുവിഹിതം നൽകുകയെന്നത് കടമയും ബഹുമതിയുമാണെന്ന് അദ്ദേഹം ജനങ്ങളെ പഠിപ്പിച്ചു. അത് ജനങ്ങൾ ആഴമായി ഉൾക്കൊണ്ടു എന്നതിനു തെളിവാണ് ഏതാനും വർഷങ്ങൾക്കുശേഷം ഇങ്ങനെ സ്വരൂപിച്ച ഫണ്ടിൽ മിച്ചംവന്ന 42,000 രൂപയും, അഭിവന്ദ്യ അലക്സാണ്ടർ





പിതാവ് നൽകിയ 25,000 രൂപയും ചേർത്ത് അദ്ദേഹം ചിറക്കൽ പണികഴിപ്പിച്ച പാരിഷ്ഹാൾ.

അഭിവന്ദ്യ ജോസഫ് കുരീത്തറ പിതാവ് കൊച്ചി രൂപതയുടെ ഭരണസാരഥ്യം ഏറ്റെടുത്തതിനുശേഷം 1976-ൽ അദ്ദേഹം രൂപതയുടെ ചാൻസലറും മൗണ്ട് കാർമൽ പെറ്റിസെമിനാരിയുടെ റെക്ടറുമായി നിയമിതനായി. രൂപതയിൽ പുതുതായി രൂപം കൊണ്ട C.R.S. ഡയറക്ടറായും അദ്ദേഹം അവരോധിക്കപ്പെട്ടു. കൊച്ചി രൂപതയുടെ ചരിത്രം ക്രോഡീകരിക്കുന്നതിൽ ആരംഭം മുതലെ ബദ്ധശ്രദ്ധനായ കുരീത്തറ പിതാവിന് പോളച്ചൻ ചാൻസലർ എന്ന നിലയിൽ ഏറെ പിന്തുണച്ചു. ഒരു പിതാവിന്റെയും മാതാവിന്റെയും വാത്സല്യം ജന്മസിദ്ധമായി കൈവന്നിട്ടുള്ള പോളച്ചൻ സെമിനാരിയിലെ കുട്ടികൾക്ക് അത് ആവോളം പകർന്നു നൽകി. അത്യാവശ്യം പാൽപൊടിയും ഗോതമ്പും ഇടവകയിൽ എത്തിക്കുകമാത്രം ചെയ്തിരുന്ന C.R.S. പ്രസ്ഥാനം കുഞ്ഞുകൾക്കും ഗർഭിണികൾക്കും അവശ്യം വേണ്ട ആരോഗ്യസംരക്ഷണം നൽകുന്ന ഒരു പ്രസ്ഥാനമായി വളരുകയും ശിശുമരണം പൂർണമായും ഇല്ലായ്മചെയ്യുന്നതിന് ഒരുപകരണമാകുകയും ചെയ്തു. 'ജോലിക്കു ഭക്ഷണം' എന്ന പരിപാടി ആവിഷ്കരിച്ചുകൊണ്ട് ചെലവുകുറഞ്ഞ 600-ൽപരം ഭവനങ്ങൾ നിർധനരായ ജനങ്ങൾക്ക് പണിതുകൊടുക്കാനും ഈ പ്രസ്ഥാനം വേദിയായി. ഒരേ സമയത്ത് ഈ മൂന്നു ജോലികളും ചെയ്യേണ്ടിവന്നത് അദ്ദേഹത്തിന്റെ ആരോഗ്യം തകരാറിലാക്കുകതന്നെ ചെയ്തു. ദീർഘനാൾ ചികിത്സയിൽ കഴിയേണ്ടി വന്ന അദ്ദേഹം 1983-ൽ കണ്ണമാലി സെന്റ് ആന്റണീസ് ഇടവകയിലെ വികാരിയായി ചുമതലയേറ്റു. അസേന്തി അച്ചനായിരുന്ന ഫാ. ജോയ് ശാസ്താംപുരയ്ക്കലിനായിരുന്നു അഡ്മിനിസ്ട്രേഷന്റെ ചുമതലയെങ്കിലും ഏറെ ദുഷ്കരമായ ഒരു ദൗത്യം കുരീത്തറപിതാവ് അദ്ദേഹത്തെ ഏൽപിച്ചു. കണ്ണമാലി സെന്റ് ജോസഫ് ചാരിറ്റീസ് നടത്തിയിരുന്ന ആശുപത്രി ഉമയനെല്ലൂർ സിസ്റ്റേഴ്സിനെ ഏൽപിക്കുന്നതോടൊപ്പം ചാരിറ്റീസിൽനിന്ന് അവർക്ക് ഇതിന്റെ നടത്തിപ്പിനായി

സാമ്പത്തികസഹായവും ക്രമീകരിക്കുക എന്നതായിരുന്നു അത്. ശാന്തവും ക്ഷമാപൂർവ്വവുമായ അദ്ദേഹത്തിന്റെ ഇടപെടൽ ലക്ഷ്യം കൈവരിക്കുകതന്നെ ചെയ്തു. വീണ്ടും ചാൻസലർ പദവിയിലേക്ക് തിരിച്ചെത്തിയ അദ്ദേഹം 85 മുതൽ 89 വരെ അന്നേയ്ക്ക് പ്രസിദ്ധമായിത്തീർന്ന ചെല്ലാനം വേളാങ്കണ്ണി തീർത്ഥാടനകേന്ദ്രത്തിന്റെ ചാപ്ലിനായി നിയമിതനായി. 85 മാർച്ച് 11ന് അദ്ദേഹത്തിന്റെ ജൂബിലി സ്വന്തം ഇടവകയായ സെന്റ് പീറ്റേഴ്സ് ദേവാലയത്തിൽവച്ച് ആഘോഷിക്കുന്നതിന് അരങ്ങൊരുക്കുവാൻ എനിക്ക് അവസരം ലഭിച്ചകാര്യം അനുസ്മരിച്ചുകൊള്ളട്ടെ. 89-94വരെ പെരുമ്പളം ലിറ്റിൽ ഫ്ളവർ പള്ളിയിൽ ചാപ്ലിനായി സേവനം ചെയ്തു. ആരോഗ്യസ്ഥിതി അത്രനല്ലതല്ലായിരുന്നുവെങ്കിലും അവിടെ അത്യാവശ്യംവേണ്ട സൗകര്യങ്ങൾ തീർക്കുന്നതിൽ അദ്ദേഹം വ്യാപൃതനായി. 1994 മുതൽ 2006 വരെ ദീർഘമായ 12 വർഷം അദ്ദേഹം കൊത്തലംഗോ സന്യാസസഹോദരങ്ങളോടൊപ്പം താമസിച്ചുകൊണ്ട് അവിടുത്തെ ചാപ്ലിനായി വലിയ സേവനമനുഷ്ഠിച്ചു. മന്ദബുദ്ധികളായ അവിടത്തെ അന്തേവാസികൾക്ക് ഉറ്റതോഴനായ ഒരു വല്യച്ഛനായി അദ്ദേഹം മാറി. 2006 മുതൽ കുമ്പളം സെന്റ് സേവ്യാഴ്സ് സ്റ്റഡിഹൗസിൽ ആത്മീയ ഉപദേഷ്ടവായി പോളച്ചൻ തന്റെ പൗരോഹിത്യദൗത്യം തുടരുന്നു. "യംഗ് ക്രിസ്റ്റ്യൻ വർക്കേഴ്സ്" (Y.C.W) ചെറുപുഷ്പമിഷൻലീഗ് എന്നീ സംഘടനകളുടെ ഡയറക്ടറായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. എഴുപതുകളിലും, എൺപതുകളിലും സെമിനാരിപരിശീലന കാലഘട്ടത്തിൽ പ്രത്യേകിച്ചും രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ മാസ്മരികപ്രഭാവത്തിൽ ഒരു വൈദികൻ പള്ളിയുടെ കെട്ടിടം പണിയുന്നവനല്ല, മറിച്ച് യേശുവിന്റെ മൗതിക ശരീരമായ സഭാസമൂഹത്തെ കെട്ടിപ്പടുക്കുന്നവനാണ് എന്നൊരു കാഴ്ചപ്പാട് ശക്തമായി തീർന്നുവെങ്കിലും ഇന്നും പലരും ഊറ്റംകൊള്ളുന്നത് കെട്ടിടനിർമ്മാണത്തിന്റെ പേരിലാണ്. എന്നാൽ കാലത്തിന്റെ ചുവരെഴുത്ത് വായിക്കുവാൻ നന്നായി അഭ്യസിച്ച പോളച്ചൻ, ദൈവജനത്തിന്റെ സ്പന്ദനങ്ങൾ അടുത്തറിഞ്ഞ് അവരുടെ സുഖദുഃഖങ്ങളിൽ താദാത്മ്യം പ്രാപിക്കുകയും ചിലപ്പോഴെങ്കിലും നിസ്സഹായനായി പങ്കുവയ്ക്കാനാവാത്തതിന്റെ ഒറ്റപ്പെടലനുഭവിച്ച് രോഗത്തെ ശരണം പ്രാപിച്ച വ്യക്തിയായിരുന്നുവെന്നാണ് എന്റെ ബോധ്യം. മനുഷ്യപാപങ്ങൾ സ്വയമേറ്റു വാങ്ങി കുരിശിലേറ്റപ്പെട്ടതിന്റെ ഒറ്റപ്പെടൽ സ്വയമനുഭവിക്കുവാൻ ഭാഗ്യമുണ്ടായ വ്യക്തി. സുപ്രസിദ്ധ ജാപ്പനീസ് ചിന്തകനും എഴുത്തുകാരനുമായ ഷിന്റോയുടെ "യേശു ചരിത്രം" അദ്ദേഹം എനിക്കുതന്ന് നിർബന്ധപൂർവ്വം വായിക്കുവാൻ ആവശ്യപ്പെട്ടു. മാർക്കോസിന്റെ ചുവടുപിടിച്ച് എഴുതിയ ആ കൃതിയിലെ മുഖ്യപ്രമേയം. തുടക്കത്തിൽ യേശു ജനങ്ങളിൽ ഉണർത്തിയ ഉത്സാഹവും പ്രതീക്ഷയുമെല്ലാം ആറിത്തണുത്ത്, സംശയദൃഷ്ടിയോടും കുറെയൊക്കെ ശത്രുതയോടുംകൂടി അവനെ നോക്കുന്ന ജനങ്ങളിൽനിന്നും വിട്ടുമാറി, കൂടെയുണ്ടെങ്കിലും കാര്യമായൊന്നും മനസിലാവാത്ത ശിഷ്യന്മാരോടൊത്ത് ഏകാന്തമായ വഴികളിലൂടെ യാത്ര ചെയ്യുന്ന യേശുവിന്റെ ചരിത്രമാണ്. അതിലെവിടെയോ അദ്ദേഹം സ്വന്തം ഛായ ദർശിച്ചുവോ ?

പ്രിയപ്പെട്ട പോളച്ചാ, രൂപതയിലെ ഏറെ വൈദികർക്ക് ഗുരുവും, ഞങ്ങൾക്കെല്ലാവർക്കും ഗുരുതുല്യനുമായ അങ്ങയെ ഓർത്ത് ദൈവത്തിന് ഞങ്ങൾ നന്ദിപറയുന്നു. അങ്ങ് പ്രസരിപ്പിക്കുന്ന ചൈതന്യം പ്രത്യാശയോടെ മുന്നോട്ടുപോകുവാൻ ഞങ്ങൾക്ക് പ്രചോദനമരുളുന്നു. മറ്റുള്ളവർക്കായി നഷ്ടപ്പെടുന്നതിൽ സംതൃപ്തി കണ്ടെത്തുന്ന ആ ജീവിതം കണ്ടു പഠിക്കുവാൻ ഞങ്ങൾ ശക്തരാവട്ടെ. 75 പൂർത്തിയാക്കുന്ന ആ ജീവിത സപര്യ ഇനിയും ഏറെനാൾ ഞങ്ങൾക്ക് പ്രകാശം ചൊരിയുമാറാകട്ടെ.

✳

**സർക്കുലർ**
LP / 13 / 2007

# വചനാധിഷ്ഠിത സമുദായ ശാക്തീകരണം

വന്ദ്യ വൈദികരെ, സന്യസ്തരെ, വൽസല മക്കളെ,

നമ്മുടെ രൂപതയുടെ 450-ാം വാർഷികാഘോഷങ്ങൾ അതിന്റെ സമാപനത്തോട് അടുത്തുകൊണ്ടിരിക്കുകയാണല്ലോ. അതിപുരാതനമായ കൊച്ചി രൂപതയുടെ മൂന്നാം തദ്ദേശീയ മെത്രാനായി സ്ഥാനമേറ്റെടുത്തപ്പോൾത്തന്നെ, രൂപതയുടെ പരാധീനതകളും ഒപ്പം ആവശ്യങ്ങളും മനസ്സിലാക്കിക്കൊണ്ട്, രൂപതാംഗങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി ദശവൽസര പദ്ധതിക്ക് രൂപംകൊടുക്കുകയുണ്ടായി. ജൂബിലി ആഘോഷങ്ങൾ ദശവൽസര പദ്ധതിയുടെ അഞ്ചാം വർഷം തന്നെയായത് യാദൃശ്ചികമായി ഞാൻ കാണുന്നില്ല. നമ്മുടെ രൂപതയോടുള്ള ദൈവത്തിന്റെ കരുതലും സ്നേഹവും തന്നെയാണതിൽ ഞാൻ ദർശിക്കുന്നത്. ദശവൽസര പദ്ധതിയിലൂടെ സംജാതമായ വളർച്ചയെയും വികസനത്തെയും വിലയിരുത്തുവാനും കൂടുതൽ തീക്ഷ്ണതയോടെ മുന്നേറുവാനും നമുക്കു കിട്ടിയ, ദൈവം തന്നെ നൽകിയ അവസരമാണ് ജൂബിലി വർഷം. വിദ്യാഭ്യാസ - സാമൂഹിക - ആതുര ശുശ്രൂഷാ രംഗങ്ങളിൽ വികസനത്തിന്റെ വിത്തു പാകുവാൻ, കൂട്ടായ പരിശ്രമത്തിലൂടെ സാധിച്ചു എന്നുള്ളത് നമുക്കേവർ ക്കും അഭിമാനിക്കാവുന്ന വസ്തുതയാണ്. മിടുക്കരായ വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകുന്ന എക്സലൻസ് ട്രെയിനിംഗ് പ്രോഗ്രാം, സമൂഹത്തിന്റെ മേലേത്തട്ടിലേക്ക് പാവപ്പെട്ടവരായ യുവാക്കളെ എത്തിക്കുന്നതിനുവേണ്ടി അവരുടെ വ്യക്തിത്വ വികസനം ലക്ഷ്യമാക്കി നടത്തുന്ന എച്ച്. ആർ. ഡി. പ്രോഗ്രാം, നമ്മൾ ആരംഭിച്ചിട്ടുള്ള സി.ബി.എസ്.ഇ. സ്കൂളുകൾ, തൊഴിലധിഷ്ഠിത കോഴ്സുകൾ ഇവയെല്ലാം ഈ അഞ്ചുവർഷ





ക്കാലയളവിൽ നമുക്ക് നേടാനായ നേട്ടങ്ങളിൽ ചിലതാണ്. കൂടാതെ അൽമായ ശാക്തീകരണത്തി നുവേണ്ടി പല പദ്ധതികളും നടപ്പിൽ വരുത്തി. തൊഴിലാളികളുടെ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സംവിധാനങ്ങൾക്ക് രൂപംകൊടുത്തു. ഇപ്രകാരമുള്ള നേട്ടങ്ങളുടെ പശ്ചാത്തലത്തിൽ, ജൂബിലി വർഷത്തിൽ നിന്നുകൊണ്ട് മുന്നോട്ടു നോക്കുമ്പോൾ, വചനാധിഷ്ഠിത സമുദായ ശാക്തീകരണത്തിന്റെ ആവശ്യകതയാണ് തെളിഞ്ഞുവരുന്നത്. അതുകൊണ്ട്, ദശവൽസര പദ്ധതിയുടെ രണ്ടാം പകുതി സമുദായശാക്തീകരണത്തിന് ഊന്നൽ കൊടുത്തുകൊണ്ട് നടപ്പിലാക്കുവാൻ ആഗ്രഹിക്കുന്നു.

**പശ്ചാത്തലം**

സമുദായ ശാക്തീകരണത്തിന്റെ ആവശ്യകതയ്ക്ക് ഊന്നൽ നൽകുവാനുള്ള പശ്ചാത്തലം മനസ്സിലാക്കുന്നത് നന്നായിരിക്കുമെന്നു കരുതുന്നു. നിരവധിയായ വെല്ലുവിളികളുടെ മദ്ധ്യത്തിലാണ് നമ്മുടെ സമുദായം ഇന്ന് ജീവിക്കുന്നത്. ഈ വെല്ലുവിളികൾ രണ്ടു വിധത്തിലുള്ള താണ്. സമുദായത്തിന് ഉള്ളിൽ നിന്നുള്ള വെല്ലുവിളികൾ, സമുദായത്തിന് പുറമെ നിന്നുള്ള വെല്ലുവിളികൾ.

**സമുദായത്തിന് ഉള്ളിൽ നിന്നുള്ള വെല്ലുവിളികൾ**

സമുദായത്തിന്റെ പൊതുവായ ആവശ്യങ്ങളോടും വികസന പദ്ധതികളോടും ഒരു വിഭാഗം നിസ്സംഗതാ മനോഭാവം പുലർത്തുന്നത് വേദനയോടെയാണ് കാണുന്നത്. വ്യക്തികൾക്ക് ഉണ്ടായ വളർച്ച, സമുദായത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ഈ മനോഭാവം തടസ്സം നിൽക്കുന്നു. മറ്റൊരുകൂട്ടർ വളരേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി യിട്ടും അതിനുവേണ്ടിയുള്ള പരിശ്രമം നടത്താതെ അലസതയിൽ കഴിയുന്നത് കാണുവാൻ സാധിക്കും. കഠിനാദ്ധ്വാനം കൂടാതെ വളർച്ചയില്ല എന്നുള്ളത് മറക്കാതിരിക്കാം. മറ്റൊരു വിഭാഗം ആനുകൂല്യങ്ങൾകൊണ്ടു മാത്രം തൃപ്തിപ്പെട്ടുകഴിയുന്നു. അർഹത എവിടെയും മാനദണ്ഡമാക്കി ക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആനുകൂല്യങ്ങളിൽ

മാത്രം ആശ്രയി ക്കുന്നതിന്റെ ഭോഷത്തം പ്രത്യേകം പറയേണ്ടതില്ലല്ലോ. സമുദായത്തെ ഉള്ളിൽനിന്ന് നശിപ്പിക്കുന്ന വലിയ തിന്മയാണ് സമുദായാംഗ ങ്ങളുടെ മദ്യപാനശീലം. കുടുംബനാഥന്മാരുടെ മദ്യപാനം എത്രയോ കുടുംബങ്ങളെ യാണ് നശിപ്പിച്ചുകൊണ്ടിരിക്കുന്നത്. ആഘോഷങ്ങളോടനു ബന്ധിച്ച് നടത്തുന്ന ധൂർത്ത്, നേടിയ വളർച്ചയെത്തന്നെ ഇല്ലാതാക്കിക്കൊണ്ടിരിക്കുന്നതും കാണുവാൻ സാധിക്കും. സമുദായത്തിന്റെ ഭാവിയെക്കുറിച്ച് ആശങ്കയോടെ മാത്രം ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്ന മറ്റൊരു ഘടകമാണ് നമ്മുടെ യുവാക്കന്മാരുടെ ഇടയിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന മയക്കു മരുന്നിന്റെ ഉപയോഗം. ഇവയോടൊപ്പം പുറമെനിന്നും നമ്മുടെ സമുദായം പല വെല്ലുവിളികളും നേരിടുന്നുണ്ട്.

**സമുദായത്തിന് പുറമെ നിന്നുള്ള വെല്ലുവിളികൾ**

നമ്മുടെ സമുദായം വളരരുത്, എന്നും പിന്നോക്കാവസ്ഥ യിൽ തന്നെ കഴിയണം എന്ന് ആർക്കൊക്കെയോ നിർബന്ധ മുള്ളതുപോലെ തോന്നുന്നു. അതുകൊണ്ടുതന്നെ അർഹമായ കാര്യങ്ങൾപോലും നിഷേധിക്കപ്പെടുന്നു, സമുദായത്തിന്റെ അവകാശങ്ങളിൽ കടന്നുകയറ്റം നടത്തുന്നു. ഇന്ത്യൻ ഭരണ ഘടന ന്യൂനപക്ഷ സമുദായം എന്ന നിലയിൽ നമുക്ക് നൽകുന്ന അവകാശങ്ങൾ പിടിച്ചടക്കുവാനുള്ള ശ്രമത്തിന്റെ പിന്നിലെ യഥാർത്ഥ ലക്ഷ്യം നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. മാത്രമല്ല, നമ്മുടെ സമുദായത്തെ നശിപ്പിക്കണം, ഭിന്നിപ്പിക്കണം എന്ന ലക്ഷ്യത്തോടുകൂടി തെററിദ്ധാരണകൾ പറഞ്ഞുപരത്തുന്ന വരും അസത്യം പ്രചരിപ്പിക്കുന്നവരും നമുക്കു ചുറ്റുമുണ്ട്. ഇവരെല്ലാം ലക്ഷ്യം വയ്ക്കുന്നത് ഒന്നുമാത്രം - പിന്നോക്കാ വസ്ഥയിൽ നിന്ന് നാം ഒരിക്കലും മുന്നോക്കാവസ്ഥയിലേയ്ക്ക് വരരുത് എന്നുള്ളതാണത്. കൂടാതെ മറെറാരു വെല്ലുവിളികൂടി നമ്മുടെ മുന്നിലുണ്ട്. ഏതൊക്കെയോ രഹസ്യ കേന്ദ്രങ്ങളിൽ നിന്ന് നിഗൂഢലക്ഷ്യത്തോടെ ഒഴുകുന്ന പണംകൊണ്ട് കത്തോലിക്കാ കുടുംബങ്ങളെ വീടും സ്ഥലവും വിറ്റ് പോകുവാൻ പ്രേരിപ്പിക്കുന്ന സമ്മർദ്ദ തന്ത്രവും നമ്മുടെ മുന്നിലുണ്ട്.





**സമുദായ ശാക്തീകരണത്തിന്റെ ആവശ്യകത**

മേൽവിവരിച്ച വെല്ലുവിളികളെല്ലാം സമുദായ ശാക്തീ കരണത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ആവശ്യകതയിലേയ്ക്കാണ് വിരൽചൂണ്ടുന്നത്. കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തനനിരതമാകേണ്ടത് വിവേകമതികളുടെ ലക്ഷണമാണ ല്ലോ. ഒപ്പം ഭാവി തലമുറയോട് നമുക്കുള്ള കടപ്പാടും അതിൽ അടങ്ങിയിരിക്കുന്നു.

**സമുദായ ശാക്തീകരണം വചനാധിഷ്ഠിതം**

ക്രൈസ്തവ വിശ്വാസിയുടെ "പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവും" (സങ്കീ. 119,105) ആയി നിൽക്കുന്നത് വചനമാണ്. അതുകൊണ്ടുതന്നെ സമുദായ ശാക്തീകരണവും വചനാധിഷ്ഠിതമായിരി ക്കണം. താലന്തുകളുടെ ഉപമ അനുദിന ധ്യാനവിഷയമാകണം. (മത്തായി, 25, 14-30) കിട്ടിയ താലന്തുകളെ ഉപയോഗിച്ച്, വർദ്ധിപ്പിച്ച്, യജമാനനെ തിരികെ ഏൽപ്പിക്കുന്ന ദാസനാണ് നല്ലവനും വിശ്വസ്തനുമായ ദാസൻ. സമുദായ ശാക്തീകരണത്തിന്റെ പ്രചോദനം ഇതുതന്നെയായിരിക്കണം. ദൈവം പലവിധത്തിലുള്ള കഴിവുകൾ നമുക്ക് നൽകിയിട്ടുണ്ട്. ഒരു കഴിവും ഇല്ലാത്തവരായി ദൈവം ആരെയും സൃഷ്ടിച്ചിട്ടില്ല. നമുക്ക് നൽകപ്പെട്ടിട്ടുള്ള കഴിവുകൾ പൊതുനന്മയ്ക്കുവേണ്ടി യാണ് (1 കൊറി. 12, 17). "നാം ഓരോരുത്തരും ദൈവത്തിന്റെ മുമ്പിൽ കണക്ക് ബോധിപ്പിക്കേണ്ടിവരും" (റോമ 14, 12) എന്നും വി. പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു.

വചനാധിഷ്ഠിത സമുദായ ശാക്തീകരണ വർഷമായി 2008-2009 കാലയളവിനെ പ്രഖ്യാപിക്കുന്നതുവഴി രൂപതാദ്ധ്യക്ഷ നെന്ന നിലയിൽ എനിക്ക് നിങ്ങളോട് ആവശ്യപ്പെടുവാനുള്ളത് ഇതുമാത്രമാണ്: നിങ്ങൾക്ക് ദൈവം നൽകിയിട്ടുള്ള കഴിവുകളെ ഉപയോഗിക്കുക, വർദ്ധിപ്പിക്കുക, പൊതുനന്മയ്ക്കുവേണ്ടി. അപ്പോൾ എല്ലാ കൃപകളുടെയും ഉറവിടമായ ദൈവം തന്നെ യായിരിക്കും മഹത്വപ്പെടുത്തപ്പെടുക. അലസതയ്ക്ക് ഇടം കൊടുക്കാതിരിക്കുക.

ഇത്തരുണത്തിൽ ഒരു കാര്യം ഊന്നിപ്പറയുവാൻ ഞാൻ ആഗ്രഹി ക്കുന്നു. നമ്മുടെ സമുദായത്തെ ശക്തിപ്പെടുത്തുവാൻ നാം പരിശ്രമിക്കു ന്നത് ആർക്കും എതിരായിട്ടല്ല, ആരുടെയും അവകാശങ്ങൾ പിടിച്ചെടുക്കുവാനുമല്ല. കൊച്ചി പ്രദേശത്തിന്റെ അഭിവൃദ്ധിക്കും സമുദായങ്ങൾ തമ്മിലുള്ള സഹകരണത്തിനും സാമൂഹ്യ നീതിയിലധിഷ്ഠിതമായ പ്രവർത്തനങ്ങൾക്കും കൊച്ചി രൂപതയ്ക്കുള്ള പ്രതിബദ്ധതയ്ക്ക് ഒരു കുറവും വരുത്തുവാൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ടുതന്നെ ആരോഗ്യപരമായ സംവാദ ങ്ങൾക്കും ആശയവിനിമയങ്ങൾക്കും രൂപതയുടെ വാതിൽ എന്നും തുറന്നു കിടക്കും. സമുദായ ശാക്തീകരണത്തിനായുള്ള പ്രവർത്തനങ്ങൾ ആരും ഭീഷണിയായി കരുതേണ്ടതില്ല.

ഇപ്പറഞ്ഞതിന്റെയെല്ലാം വെളിച്ചത്തിൽ ചില പ്രായോഗിക നിർദ്ദേശങ്ങൾ വയ്ക്കുന്നു:

(1) സമുദായത്തിന്റെ പൊതു നന്മയെ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളിൽനിന്ന് ആരും വിട്ടുനിൽക്കാതിരിക്കുക. കാഴ്ചക്കാരെയല്ല നമുക്കാവശ്യം, പരസ്പരം സഹകരിച്ച് പ്രവർത്തിക്കുന്നവരെയാണ്. ഒരുമിച്ചു നിൽക്കേണ്ടതിന്റെ ആവശ്യകത ബോധ്യമാക്കി മാററുക. ഒരു മനസ്സും ഒരു ഹൃദയവും ഉണ്ടായിരുന്ന ആദിമ ക്രിസ്ത്യാനികളുടെ പിൻതുടർച്ച ക്കാരാണല്ലോ നമ്മൾ "ഒരുമയോടെ ജീവ നിറവിലേയ്ക്ക്'' എന്ന ആശയം മുറുകെപ്പിടിച്ചു പ്രവർത്തിക്കുക.

(2) ആഘോഷങ്ങളോടനുബന്ധിച്ചുള്ള ധൂർത്തും ആഡംബര വും ഒഴിവാക്കിയും മദ്യപാനം പൂർണ്ണമായും ഉപേക്ഷിച്ചും കിട്ടുന്ന ധനം കുടുംബത്തിന്റെ തന്നെ വികസന പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കുമായി വിനിയോഗി ക്കുക.

(3) കുടുംബ യൂണിറ്റുകളുടെ മാസയോഗങ്ങളിൽ നിന്ന് ആരും വിട്ടു നിൽക്കാതിരിക്കുക. അവയെ വെറുതെ പ്രാർത്ഥനാ യോഗങ്ങളായി ഒതുക്കാതെ പൊതുപുരോഗതിക്കും സമുദായ ശാക്തീകരണത്തിനും ഉപകരിക്കുന്ന രീതിയിൽ രൂപപ്പെടുത്തുക.





(4) ഓരോ ഇടവകയിലെയും സംഘടനാ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക. കുട്ടികൾ തുടങ്ങി വൃദ്ധർവരെ ഏതെങ്കിലും സംഘടനയിൽ അംഗമായി പ്രവർത്തിക്കുവാൻ ശ്രമിക്കുക. സംഘടനകൾ ഇല്ലാത്തിടങ്ങളിൽ അവ രൂപീകരിക്കുക.

(5) സമൂഹത്തിന്റെ വിവിധ തുറകളിൽ ജോലി ചെയ്യുന്നവർ ഇടവക തലങ്ങളിൽ ഒത്തുകൂടുവാനുള്ള വേദി ഒരുക്കുക.

(6) ഇന്ന് (16-12-2007) ഉച്ചകഴിഞ്ഞ് 2 മണിക്ക് തോപ്പുംപടി കാത്തലിക് സെന്ററിൽ വെച്ച് കൊച്ചി രൂപത സമുദായ കാര്യാലയത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന സമുദായ നേതൃത്വ സംഗമത്തിൽ എല്ലാ സമുദായ നേതാക്കളും പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

ജൂബിലി വർഷാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച വിവിധ പരിപാടികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും സംജാതമായിട്ടുള്ള ഉണർവ്വിൽ നിന്ന് ശക്തി സംഭരിച്ച്, വികസനോന്മുഖമായ പ്രവർത്തനങ്ങളിൽ നമുക്ക് ഒരുമിച്ച് മുന്നേറാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പൈതൃകാശീർവ്വാദത്തോടെ,

✠ **ജോൺ തട്ടുങ്കൽ**
കൊച്ചി മെത്രാൻ

# ചെറുപുഷ്പ മിഷൻ ലീഗ് വജ്ര ജൂബിലിയോടനുബന്ധിച്ച് കേരള കത്തോലിക്ക മെത്രാൻ സമിതിക്കുവേണ്ടി വൊക്കേഷൻ കമ്മീഷൻ & ചെറുപുഷ്പ മിഷൻ ലീഗ് ചെയർമാൻ പുറപ്പെടുവിക്കുന്ന സർക്കുലർ

അഭിവന്ദ്യ പിതാക്കന്മാരേ, ബ. വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരന്മാരേ,

ആഗോള സഭയുടെ പ്രേഷിതമുന്നേറ്റത്തിന് മുന്നണി പോരാളികളായ വൈദികരേയും സന്യസ്തരേയും തീക്ഷ്ണ മതികളായ അൽമായരേയും കണ്ടെത്തി രൂപപ്പെടുത്തുവാൻ പിതാവായ ദൈവം കേരള സഭയ്ക്ക് കനിഞ്ഞ് നൽകിയ വരദാനമാണ് "ചെറുപുഷ്പ മിഷൻ ലീഗ്" 'സ്നേഹം ത്യാഗം സേവനം സഹനം' ജീവിതശൈലിയായി സ്വീകരിച്ച്കൊണ്ട് പ്രേഷിത പ്രവർത്തനവും വ്യക്തിത്വ വികാസനവും, എന്ന ലക്ഷ്യപ്രാപ്തിക്കായി വിവിധ മാർഗ്ഗങ്ങളിലൂടെ സംഘടന പ്രവർത്തിക്കുന്നു. "ആത്മാർത്ഥമുറ്റിയ ആത്മസമർപ്പണത്തിലൂടെ ആത്മസാക്ഷാത്കാരം" എന്ന ചിന്ത വളർത്തി തിളക്കമാർന്ന വ്യക്തിത്വങ്ങളിൽനിന്ന് നാഥന്റെ വയലിലേക്ക് വേലക്കാരെ കണ്ടെത്തി ശക്തിപ്പെടുത്തുന്ന ചെറുപുഷ്പ മിഷൻലീഗ് ദൈവവിളിയുടെ നേഴ്സറിയെന്നറിയപ്പെടുന്നു.

1947 ഭാരകസഭ പ്രേഷിതരംഗത്ത് വെല്ലുവിളികൾ നേരിടുന്ന കാലം - "ഭാരതമേ നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ" എന്ന ഭാഗ്യസ്മരണാർഹനായ പതിമൂന്നാം ലെയോ മാർപ്പാപ്പയുടെ പ്രവചനം ആദർശവാക്യമായി സ്വീകരിച്ചുകൊണ്ട് ബഹു. ജോസഫ് മാലിപറമ്പിലച്ചന്റെ അനുഗ്രഹാശംസകളുടെ തണലിൽ പ്രേഷിത തീക്ഷണതയും സഭാ സ്നേഹവുംകൊണ്ട് നിറഞ്ഞ ശ്രീ. പി.സി. അബ്രഹാം പല്ലാട്ടുക്കുന്നേൽ (കുഞ്ഞോട്ടൻ)ന്റെ നേതൃത്വത്തിൽ ഭരണങ്ങാനത്തെ ഏഴ് ചെറുപ്പക്കാരാൽ സ്ഥാപിതമായ മിഷൻലീഗ് ഇന്ന് 652326 പ്രവർത്തക അംഗങ്ങളും ഒമ്പത് ലക്ഷത്തിലധികം സഹായക അംഗങ്ങളുമുള്ള ഏഷ്യയിലെ





ഏറ്റവും വലിയ പ്രേഷിത സംഘടനയായി വളർന്നിരിക്കുന്നു. ഇന്ത്യയിലും വിദേശത്തും ശാഖകളുള്ള ചെറുപുഷ്പ മിഷൻ ലീഗ് കാലഘട്ടത്തിന്റെ വെല്ലുവിളികളെയെല്ലാം അതിജീവിച്ച് മുന്നേറുകയാണ്. പ്രായവ്യത്യാസമില്ലാതെ കുട്ടികൾക്കും യുവാക്കൾക്കും പ്രായമായവർക്കും മിഷൻലീഗിൽ അംഗങ്ങളാകാം, പ്രവർത്തിക്കാം ഇത് മിഷൻലീഗിന്റെ മാത്രം പ്രത്യേകതയാണ്. ദൈവവിളി പ്രോത്സാഹനരംഗത്ത് സംഘടനയുടെ നേട്ടം വളരെ വലുതാണ്. വൈദികരും സന്യസ്തരും ഉൾപ്പെടെ 37000 സമർപ്പിതരെ മിഷൻലീഗിലൂടെ കണ്ടെത്തി സഭയ്ക്ക് സംഭാവന ചെയ്യാൻ സംഘടനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. അവരിൽ 31 പേർ മെത്രാന്മാരായി എന്നത് ഏറെ അഭിമാനകരമാണ് ഇത്രയും ചുരുങ്ങിയ കാലയളവിൽ ഇത്രമാത്രം ദൈവവിളികൾ സംഭാവനചെയ്യാൻ ഒരു സംഘടനയെന്ന നിലയിൽ മിഷൻ ലീഗിന് മാത്രമേ സാധിച്ചിട്ടുള്ളുവെന്ന ഭാഗ്യസ്മരണാർഹനായ പോൾ ആറാമൻ മാർപ്പാപ്പയുടെ വാക്കുകൾ ഇത്തരുണത്തിൽ ഏറെ പ്രസക്തമാണ്.

2007 മിഷൻലീഗ് വജ്രജൂബിലി വർഷമായി ആഘോഷിക്കുകയാണല്ലോ നന്മയുടെ നിരവധി ചിന്തകളും പ്രവർത്തനങ്ങളും വഴി ജൂബിലി ആഘോഷം അർത്ഥവത്താക്കാനുള്ള ശ്രമങ്ങളാണെവിടെയും. ശാഖ, മേഖല, രൂപതാ, സംസ്ഥാന, ദേശീയതലങ്ങളിലെല്ലാം അനുയോജ്യമായ പ്രവർത്തനമാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ അടുക്കുംചിട്ടയും ലക്ഷ്യബോധവുമുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. അബദ്ധപഠനങ്ങളും തെറ്റായ സാംസ്കാരിക അതിനിവേശവും വികലമായ ജീവിത കാഴ്ചപ്പാടുകളുംമൂലം ദിശാബോധം നഷ്ടപ്പെട്ട യുവതലമുറയും അവരെ നിയന്ത്രിക്കുന്നതിൽ പരാജയപ്പെടുന്ന മാതാപിതാക്കളും ഈശ്വരവിശ്വാസത്തിനും വിശ്വാസജീവിതത്തിനും വെല്ലുവിളികളാകുമ്പോൾ "വിശ്വാസജീവിതം സഭയോടൊത്ത്" എന്ന സന്ദേശത്തിലൂടെ സഭാപ്രവർത്തനങ്ങളിൽ തൃപ്തിയും പ്രതീക്ഷയും കണ്ടെത്തുവാൻ യുവമനസുകളെ സജ്ജമാക്കുന്ന പ്രവർത്തനങ്ങൾക്കാണ് ജൂബിലി വർഷം

പ്രാധാന്യം നൽകുന്നത്. “ജീവൻ ദൈവികദാനം” എന്ന ആശയ പ്രചരണത്തിലൂടെ ജനിക്കുന്നതിന് മുമ്പും പിമ്പും മനുഷ്യ ജീവൻ നേരിടുന്ന അതിദാരുണമായ അതിക്രമങ്ങൾക്കെതിരെ മനുഷ്യമനസാക്ഷിയെ ഉണർത്തി ഒരു പുതിയ ജീവസംസ്കാരത്തിന്റെ തുടക്കം കുറിക്കാൻ സംഘടനയ്ക്ക് സാധിക്കും എന്ന ചിന്തയാണുള്ളത്. സ്വാർത്ഥതയുടെ നീരാളി പിടുത്തത്തിൽ അമരുന്ന ഇന്നത്തെ ബാല്യവും യുവത്വവും “എനിക്ക് എന്ത് ലഭിക്കും” എന്നതിനപ്പുറം “നാഥനും തനയനും ഞാൻ എന്ത് നൽകിയെന്ന്” അന്വേഷണത്തിൽ പങ്കുകാരാകണെന്ന് സംഘടന ആഗ്രഹിക്കുന്നു.

ഇപ്രകാരം മാറിമാറിയുന്ന ജീവിതസാഹചര്യങ്ങളിലും സഭാമക്കളിൽ പ്രേക്ഷിതാഭിമുഖ്യം വളർത്തി ദൈവവിളികളുടെ മഹാത്മ്യവും അനിവാര്യതയും ബോധ്യപ്പെടുത്തുവാൻ പരിശ്രമിക്കുന്ന മിഷൻലീഗ് ഈ വജ്രജൂബിലി വർഷത്തിൽ കേരളത്തിലെ മുഴുവൻ രൂപതകളിലും ചെറുപുഷ്പമിഷൻലീഗിന്റെ ശാഖകൾ ആരംഭിക്കുവാൻ പരിശ്രമിക്കുകയാണ്. ഈ പ്രവർത്തനത്തിൽ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്, ആഗ്രഹിക്കുകയാണ്.

കുടുംബങ്ങളിൽ അംഗസംഖ്യകുറയുകയും സഭാത്മക ജീവിതത്തിന് പ്രസക്തി നഷ്ടപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിലും ചെറുപുഷ്പ മിഷൻലീഗിന്റെ പ്രവർത്തനംശക്തമായ രൂപതകൾ ദൈവവിളിരംഗത്ത് നേട്ടങ്ങൾ കൈവരിക്കുന്നു ഇത് സംഘടനാ പ്രവർത്തനം വ്യാപിപ്പിക്കുവാൻ കാരണവും പ്രചോദനവുമാണ്. “ഇൻഫർമേഷനേക്കാൾ ഫോർമേഷന്” പ്രാധാന്യമേകുന്ന ഈ കാലയളവിൽ തങ്ങളുടെ മക്കൾക്ക് നല്ല ക്രൈസ്തവജീവിത പരിശീലനവും നല്ല സ്വഭാവരൂപീകരണവും ആഗ്രഹിക്കുന്ന മാതാപിതാക്കൾ ചെറുപുഷ്പ മിഷൻലീഗ് ഒരു അനുഗ്രഹമാണെന്ന് തിരിച്ചറിയുക.

സംഘടനയുടെ പ്രവർത്തനഫലമായി ആദ്ധ്യാത്മിക തലത്തിലും ഭൗതികതലത്തിലും നന്മയുടെ പുത്തനുണർവ് എവിടെയും പ്രകടമാണ്. ഈ മുന്നേറ്റത്തിന് ശക്തിപകരേണ്ടതും സഹകരിക്കേണ്ടതും സഭാമക്കളേവരുടേയും കടമയാണ്.





വിവിധപരിപാടികളോടെ ചെറുപുഷ്പ മിഷൻലീഗിന്റെ വജ്ര ജൂബിലി ആഘോഷങ്ങൾ 2008 ജനുവരി 19ന് ചങ്ങനാശ്ശേരിയിൽ സമാപിക്കുമ്പോൾ കാലഘട്ടത്തിലേക്ക് ഒരു എത്തിനോട്ടമാകുംവിധം സംഘടന ഉയർത്തുന്ന ചിന്തകളും സന്ദേശങ്ങളും സഭയിലും സമൂഹത്തിലും വിലയിരുത്തലുകൾക്കും മാറ്റങ്ങൾക്കും കാരണമാകട്ടെയെന്ന് പ്രത്യാശിക്കാം. ജൂബിലിവർഷത്തിൽ മിഷൻലീഗ് സ്ഥാപകനേതാവും ഇന്നും സംഘടനയ്ക്ക് ശക്തിയും ദിശാബോധവും നൽകി നയിക്കുന്ന നമുക്കേവർക്കും പ്രിയങ്കരനുമായ “കുഞ്ഞേട്ടനെ” അദ്ദേഹത്തിന്റെ സഭാ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായ കെ.സി.ബി.സി. “കേരള സഭാരത്നം” പദവി നൽകാൻ തീരുമാനിച്ചിരിക്കുന്നു. ജൂബിലി സമാപനസമ്മേളനത്തിൽവെച്ച് കുഞ്ഞേട്ടനെ സമുചിതമായി ആദരിക്കാനും നിശ്ചയിച്ചിരിക്കുന്നു. നമുക്കെല്ലാം സന്തോഷിക്കാം കുഞ്ഞേട്ടനുവേണ്ടി പ്രാർത്ഥിക്കാം.

ജൂബിലിചൈതന്യത്താൽ പ്രചോദിതരായി കേരളസഭയിൽ എല്ലാ ഇടവകകളിലും മിഷൻലീഗ് ആരംഭിക്കുവാനും അതുവഴി സഭയുടെ പ്രക്ഷേിത പ്രവർത്തനങ്ങളിൽ പങ്കാളികളാകാനും ഏവർക്കും അവസരം ലഭിക്കുവാൻ ഇടയാകട്ടെ. ചെറുപുഷ്പ മിഷൻലീഗിന്റെ ചെറുതും വലുതുമായ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വവും സഹകരണവും നൽകുന്ന ഏവരേയും നന്ദിയോടെ സ്മരിക്കുന്നു. സർവ്വശക്തനായ ദൈവം എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

പുതുവത്സരാശംസകളോടെ,

**ബിഷപ്പ് ഗീവർഗീസ് മാർ ദിവന്നാസിയോസ്**
(ചെയർമാൻ, വൊക്കേഷൻ കമ്മീഷൻ & ചെറുപുഷ്പ മിഷൻലീഗ്)

## ഇടയലേഖനം

# മദ്യവിരുദ്ധ ഞായർ 2008

മദ്യാസക്തി മഹാരോഗമാണ്, ചെറിയ തോതിൽ തുടങ്ങുന്ന മദ്യപാനംപോലും വലിയ വിപത്തായ മദ്യാസക്തിയിലേയ്ക്കു നയിക്കുന്നു. ലോകരാഷ്ട്രങ്ങളിലെല്ലാം മദ്യോപയോഗം വർദ്ധിക്കുകയാണ്. മദ്യമുണ്ടാക്കുന്ന വിദേശരാഷ്ട്രങ്ങൾ അത് വികസ്വരരാഷ്ട്രങ്ങളിൽ വിറ്റ് പണം സമ്പാദിക്കുന്നു. ഇതിന്റെ വ്യാപകമായ ദുരന്തഫലങ്ങൾ അറിഞ്ഞിട്ടും ആഗോളവത്കരണനയത്തിൽ പങ്കുചേർന്ന ഇന്ത്യയിലും ഈ വൻവിപത്തു സംഭവിച്ചുകൊണ്ടിരിക്കുന്നു. അംഗീകൃത മദ്യവിതരണത്തിനു പുറമേ വ്യാജമദ്യനിർമ്മാണവും വിതരണവും നടക്കുന്നുണ്ട്, പണം ലഭിക്കുമെന്നു കാണുമ്പോൾ ഉന്നതനേതാക്കൾ തുടങ്ങി താഴേക്കിടയിലെ ഉദ്യോഗസ്ഥർ വരെ ഈ വ്യാജമദ്യവ്യാപാരശൃംഖലയിൽ കണ്ണികളാകുന്നു. ഇങ്ങനെ അറിവില്ലാത്ത സാധാരണക്കാരെയും ബഹുവിധ മദ്യങ്ങൾ ആകർഷിക്കുന്നു.

ഉന്മേഷത്തിനും ഉറക്കത്തിനും വേണ്ടി മനുഷ്യർ മദ്യപിക്കുന്നു. കുട്ടികൾ പോലും തെറ്റിദ്ധരിച്ചിരിക്കുകയാണ്, മദ്യം എന്തിനൊക്കെയൊ നല്ലതാണെന്ന്. അവർ ചുറ്റും കാണുന്നത് മദ്യത്തെ പാടിപ്പുകഴ്ത്തുന്ന മുതിർന്നവരെയാണ്. പതിവായി മദ്യപിക്കുന്ന മുതിർന്നവരെ അവർ അനുകരിക്കുന്നു. ഇന്ന് സന്തോഷം പങ്കുവയ്ക്കുന്ന ഏതു വേളയിലും മദ്യത്തിന്റെ സാന്നിധ്യവും സാമീപ്യവും  ഒരാവശ്യമായി കരുതുകയാണ്. തിരുനാളുകളിലും വിവാഹാഘോഷങ്ങളിലും മാത്രമല്ല ആദ്യ കുർബാന സ്വീകരണം, സ്ഥൈര്യലേപനം, ശവസംസ്കാരം തുടങ്ങിയ സംഭവങ്ങളിലും മദ്യം ഉപയോഗിക്കുന്നുണ്ട്. വിശുദ്ധ ചിന്തകളും പരിശുദ്ധ ഭാവങ്ങളും പരിമളം പരത്തേണ്ട വേദികളിൽ മദ്യപിക്കുന്ന മുതിർന്നവർ ആ ദിവസത്തെ താരങ്ങളുടെ മനസ്സിൽ ആത്മീയനിസ്സംഗതയോ മരിവിപ്പോ ആണ് ജനിപ്പിക്കുക. ഫലമോ ആഴ്ചകളിലൂടെ പരിശീലിച്ച് ആർജ്ജിച്ച ആത്മീയ




Light of Cochin

ഭാവങ്ങൾ അസ്തമിക്കുന്നു. അവർ വികൃത വ്യക്തിത്വങ്ങളായി മാറുന്നു. കുടുംബത്തിലും സമൂഹത്തിലും പ്രശ്നക്കാരായിത്തീരുന്നു.

ഓരോ മദ്യപാനവും മദ്യാസക്തിയെന്ന മഹാവിപത്തിലേക്കു നയിക്കുന്നു. കേരള സമൂഹം മദ്യപാനം ഉണ്ടാക്കുന്ന വൻനാശത്തിനു നേരെ നിസ്സംഗരായി കണ്ണടക്കുന്നത് ആത്മഹത്യാപരമാണ്. നാം നിസ്സഹായരല്ല. നമുക്ക് ധാരാളം കഴിവുകളുണ്ട്. സ്വതസിദ്ധമായ സാമൂഹികസൗകര്യങ്ങളുണ്ട്. ആത്മീയാഭിമുഖ്യങ്ങളിൽ ധന്യമായ പാരമ്പര്യനേതൃത്വമുണ്ട്. വിപത്തുകളുടെ മുമ്പിൽ പേടിക്കേണ്ടതല്ല കേരള കത്തോലിക്കാസമൂഹം. ഈ നാടിന്റെ വളർച്ചയ്ക്കും വികസനത്തിനും സഭ നൂറ്റാണ്ടുകളായി നൽകിക്കൊണ്ടിരിക്കുന്ന സംഭാവനകൾ അനവധിയാണ്. വിദ്യാഭ്യാസമേഖലയിൽ നമ്മുടെ പൂർവികർ നൽകിയ സംഭാവനകൾ ശ്രദ്ധിക്കുക. കേരളം ഇത്രയും അഭ്യസ്തവിദ്യമാണെങ്കിൽ ആരോഗ്യമേഖലയിൽ സമ്പുഷ്ടമായെങ്കിൽ അവശരും അനാഥരുമായ പതിനായിരങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടെങ്കിൽ അതൊക്കെ കത്തോലിക്കാസഭയുടെ നേതൃത്വഫലമാണ്. എല്ലാ രൂപതകളിലും സജീവമായി പ്രവർത്തിക്കുന്ന സാമൂഹ്യസേവനവിഭാഗം, ഇടവകകളിൽ വൈദികരും സന്യസ്തരും ജാതിമതഭേദമേന്യെ നൽകിക്കൊണ്ടിരിക്കുന്ന ഭവനനിർമ്മാണം, കുടിൽ വ്യവസായങ്ങൾ എന്നിവയൊക്കെ, നന്മയുടെ വഴിയിൽ സഭ നൽകുന്ന നേതൃത്വത്തിന്റെ ഉദാഹരണങ്ങളാണ്.

ഇത്തരത്തിൽ, കേരളസമൂഹത്തിനു നേതൃത്വം നൽകുന്ന സഭയ്ക്ക്, ലഹരിവിമോചനവേദിയിലും ശക്തമായ നേതൃത്വം നൽകാനാകും. ഇതാണ് 1998-ൽ മദ്യവിരുദ്ധ കമ്മീഷന്റെ സ്ഥാപനത്തിൽ ഉദ്ദേശിച്ചതും. ഇതുകൊണ്ടാണ്, മദ്യവിമുക്ത സഭയും സമൂഹവും എന്ന ആശയം സമിതിയുടെ ആത്യന്തിക ലക്ഷ്യമായി നിർണയിച്ചതും അംഗീകരിച്ചതും. ഈ ലക്ഷ്യം പ്രാപിക്കാൻ നമുക്ക് കഴിയും. സഭ മദ്യവിമുക്തമാക്കുവാൻ സഭാംഗങ്ങൾ നിശ്ചയിച്ചാൽ മതി. അതിന് ആവശ്യമായ

അനേകസംവിധാനങ്ങൾ സഭയ്ക്കുണ്ട്. രൂപതാ പാരിഷ് കൗൺസിൽ, ഇടവക, കുടുംബയൂണിറ്റുകൾ, ഭക്തസഖ്യങ്ങൾ ഇവയൊക്കെ സമൂഹത്തിലെ തിന്മകൾ പരിഹരിക്കുന്നതിന് ഉണ്ടായിട്ടുള്ള സംവിധാനങ്ങളാണ്. ഇവ ദീർഘനാളുകളായി ശ്രദ്ധിക്കപ്പെടാതിരുന്നു. ഒറ്റപ്പെട്ട സംഭവങ്ങളായിരുന്ന മദ്യപാനം ഇന്ന് വലിയ തിന്മയായി മാറി. ജീവിതത്തിന്റെ ആദ്യഘട്ടങ്ങളിൽ മദ്യം തൊടുകപോലും ചെയ്യാതിരുന്നവർ എങ്ങനെ മദ്യപന്മാരായിത്തീർന്നുവെന്ന് പരിശോധിക്കാൻ അവർക്ക് അവസരം നൽകണം. സഭയുടെ സംവിധാനങ്ങൾക്കാണ് ഇത് കഴിയുക. സഭയിലെ തികച്ചും ന്യൂനപക്ഷമാണ് മദ്യപർ, 30%-ൽ താഴെ. അതിലും ചെറിയ വിഭാഗമാണ് മദ്യപാനരോഗികൾ. മറ്റ് ഏത് രോഗികളെയും പോലെ ശ്രദ്ധയോടും സ്നേഹവാത്സല്യങ്ങളോടും കൂടെ ഇവരെയും ഇടവകസമൂഹം കൈകാര്യം ചെയ്യണം. അവർ ഇങ്ങനെ ആയതിൽ സമൂഹത്തിന്റെ പങ്ക് തിരിച്ചറിയണം. മദ്യമയക്കുമരുന്നുകളിലും പുകയില പാൻ മസാലകളിലും ഒളിഞ്ഞിരിക്കുന്ന അപകടങ്ങളെ തിരിച്ചറിയാതിരുന്നവരാണ് മുൻതലമുറയിലെ മദ്യപന്മാർ. അവരെ അനുകരിച്ച് ഈ ദുഃശീലത്തിന് അടിമപ്പെട്ടവരാണ് ഇന്നത്തെ ലഹരി ആസക്തർ. ഈ രീതി ആവർത്തിച്ച് ഇളം തലമുറയിലേക്ക് പകർന്നുകൊടുക്കാതിരിക്കുക എന്നതാണ് ഇന്നത്തെ സഭാംഗങ്ങളുടെ ധാർമ്മിക ചുമതല. മദ്യപാനത്തിന്റെ മാരക ഫലങ്ങളെക്കുറിച്ച് ചിന്തിക്കാഞ്ഞിട്ടാണ് മദ്യപാനം വർദ്ധിക്കുന്നത്. ഇക്കാര്യത്തപ്പറ്റി ചിന്തിപ്പിക്കുക സഭയുടെ ധർമ്മമാണ്. ഇതിനു ശ്രദ്ധേയമായ പ്രചാരണപരിപാടികൾ വേണം. ധ്യാനം, പ്രാർത്ഥനായോഗങ്ങൾ, വാഹനപ്രചാരണങ്ങൾ, ഉപവാസ ധർണസമരങ്ങൾ, ബാനർ, പോസ്റ്ററുകൾ എന്നിങ്ങനെയുള്ള രൂപതകളിലേക്ക് അഖിലകേരളടിസ്ഥാനത്തിലും ഇടവകകളിൽനിന്ന് ഇടവകകളിലേക്ക് രൂപതാ-ഫൊറോനാ അടിസ്ഥാനത്തിലും വാഹനപ്രചാരണജാഥ സംഘടിപ്പിച്ച് മദ്യവിരുദ്ധ ലഹരി ലഘുലേഖകൾ വിതരണം ചെയ്താൽ സമൂഹത്തിൽ ശ്രദ്ധേയമായ സ്വാധീനം ചെലുത്താൻ കഴിയും. വിവിധ ഗ്രൂപ്പു





കളിൽ സെമിനാറുകൾ നടത്തി കോളനികൾ, വിദ്യാലയങ്ങൾ എന്നീ വിഭാഗങ്ങളിൽ ബോധവത്കരണം നടക്കണം. സൺഡേ സ്ക്കൂളുകളിൽ ലഹരി വിരുദ്ധസന്ദേശം നൽകി ബാല്യകാലത്തിൽത്തന്നെ ഉറച്ച അടിത്തറ ഇടാനാകും. ഇതിന് ഉദ്യോഗമേഖലകളിൽനിന്ന് വിരമിച്ച് സാമൂഹികസേവനത്തിന് താത്പര്യം ഉള്ള നല്ല മനുഷ്യരുണ്ട്. അവരെ കണ്ടെത്തി പരിശീലിപ്പിച്ച് നിയോഗിക്കണം.

മദ്യം വ്യാജമായോ അനധികൃതമായോ ഉണ്ടാക്കി വിൽക്കുന്നവർ സമൂഹത്തിന് ചെയ്യുന്ന വലിയ ദ്രോഹവും നാം തിരിച്ചറിയണം. വ്യാജമദ്യം കുടിൽ വ്യവസായമായി ഉണ്ടാക്കുന്നത് തടയണം. ടൗണുകളിൽനിന്ന് മദ്യം വാങ്ങി ഗ്രാമങ്ങളിൽ വിൽക്കുന്നവരെയും തിരിച്ചറിയണം. ഇത്തരം തിന്മകൾക്കെതിരേ ഇടവകസമൂഹം സംഘടിച്ച് പോരാടണം.

മദ്യമുൾപ്പെടെയുള്ള എല്ലാ ലഹരി ഉപയോഗങ്ങളുടെയും ആദ്യഘട്ടങ്ങളിൽ അവയ്ക്കെതിരെയുള്ള ബോധവത്കരണം ഫലപ്രദമാണ്. അടുത്ത ഘട്ടം രോഗസ്ഥരുടെതാണ്. ഇവിടെ ചികിത്സ ആവശ്യമാണ്. മദ്യം ഉൾപ്പെടെ എല്ലാ ലഹരിവസ്തുക്കളുടെയും ഉപയോഗം ക്രമേണ മനുഷ്യരെ രോഗി ആക്കുന്നു. മനുഷ്യവ്യക്തിത്വത്തിന്റെ നാല് അടിസ്ഥാനങ്ങളിലും മദ്യപൻ രോഗിയാകുന്നു. ശാരീരികമായും മാനസികമായും ആത്മീയമായും സാമൂഹികമായും രോഗിയായി മാറുന്ന വ്യക്തിക്ക് ഈ നാല് തലങ്ങളിലും ചികിത്സ ആവശ്യമാണ്. നാല് തലങ്ങളിലും ചികിത്സ ഒരുപോലെ ലഭിക്കുന്നതാണ് ഉത്തമം. പ്രാർത്ഥനാ ധ്യാനങ്ങൾ, കൗൺസിലിംഗ് എന്നിവയിലൂടെയാണ്ടാകുന്ന ആത്മീയപരിവർത്തനമാണ് മുഖ്യം. ഔഷധോപയോഗം ഒരു സഹായം മാത്രമാണ്. അതിന് പ്രേരണയും ഉത്തേജനവും നൽകേണ്ടത് സഭാസമൂഹമാണ്. കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ഒരു മാസത്തെ സൗജന്യചികിത്സ നൽകുന്ന ഇരുപതോളം കേന്ദ്രങ്ങൾ ഇന്ന് കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഭക്ഷണച്ചെലവ് മാത്രമേ രോഗികൾ വഹിക്കേണ്ടതുള്ളൂ. ഈവിധ അറിവുകൾ ജനങ്ങൾക്ക് നൽകണം. ലഹരിരഹിത

ജീവിത്തിന് ഇടവകയും ഭക്തസംഘടനകളും ഒന്നിച്ചു പരിശ്രമിക്കണം. വലിയൊരു പ്രേഷിതധർമ്മമായി മദ്യവിരുദ്ധ പ്രവർത്തനം കരുതപ്പെടണം. ഇതിലൂടെ നൽകപ്പെടുന്ന നന്മകൾ അനവധിയാണ്. എല്ലാ തിന്മകളുടെയും പെറ്റമയും പോറ്റമ്മയുമാണ് മദ്യാപനമെന്ന് രാഷ്ട്രപിതാവ് മദ്യപാനത്തെ വിശേഷിപ്പിക്കുന്നു. സമൂഹത്തിലെയും കുടുംബങ്ങളിലെയും അനേകം തിന്മകളെ നിർമ്മാർജ്ജനം ചെയ്യാനാകുന്ന വലിയ സത്പ്രവൃത്തിയാണ് മദ്യവിരുദ്ധ പ്രവർത്തനം. മദ്യവിമുക്തസഭ വഴി കേരളസമൂഹം മദ്യവിമുക്തമാകണമെന്നാണ് കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ ലക്ഷ്യം. അതുകൊണ്ടാണ്, "മദ്യവിമുക്തസഭയും സമൂഹവും" എന്ന മുദ്രാവാക്യം സ്വീകരിച്ചിരിക്കുന്നത്.

ഈ വർഷം വചനവർഷമായി ആഗോളസഭ ആചരിക്കുന്നു. കേരളസഭ, ഇക്കഴിഞ്ഞ ക്രിസ്മസ്സോടെ, ദൈവവചനാധിഷ്ഠിതവും വചനപ്രേരിതവുമായ സഭാപ്രവർത്തനത്തിന് ആരംഭം കുറിച്ചിരിക്കുന്നു. വിശുദ്ധ ഗ്രന്ഥത്തിൽ അറുപതിലധികം വാക്യങ്ങളിൽ മദ്യവിരുദ്ധസന്ദേശമുണ്ട്.

"സുഖലോലുപത, മദ്യപാനം, ജീവിതവ്യഗ്രത എന്നിവയാൽ നിങ്ങളുടെ മനസ്സ് ദുർബലമാവുകയും, ആ ദിവസം ഒരു കെണി പോലെ നിങ്ങളുടെമേൽ വന്നു വീഴുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കണം" (ലൂക്ക. 21:34) എന്നാണ് യേശുനാഥൻ പഠിപ്പിക്കുന്നത്. തകരുന്ന മനുഷ്യന്റെ ജഡവ്യാപാരങ്ങളിലാണ് പൗലോസ് ശ്ലീഹാ മദ്യപാനത്തെ ഉൾപ്പെടുത്തിയിരിക്കുന്നത് (ഗലാ. 5:19-21). മനസ്സ് മലിനമാകുമ്പോഴാണ് മനുഷ്യൻ പ്രലോഭനങ്ങൾക്ക് അടിമപ്പെടുന്നത്. മദ്യപാനം തിന്മയിലേക്കുള്ള പ്രലോഭനമാണ്. ജറെമിയാ പ്രവാചകനിലൂടെ ദൈവം പറയുന്നു: "എന്റെ ജനം എന്നെ ഉപേക്ഷിച്ച് വെള്ളമില്ലാത്ത പൊട്ടക്കിണറുകൾ കുഴിച്ചു" (ജറെ. 2:13). മദ്യപൻ പൊട്ടക്കിണറുകൾ കുഴിക്കുന്നു, അഴുക്കുവെള്ളം കുടിക്കുന്നു, രോഗിയാകുന്നു, ധാർമ്മികമായി അധഃപതിക്കുന്നു, സ്വയം തകരുകയും അനേകരെ തകർക്കുകയും ചെയ്യുന്നു. മദ്യപിക്കാത്തവർക്ക് ദൈവം ജ്ഞാനവും അറിവും





സാമർത്ഥ്യവും നൽകുന്നു (ദാനി. 1:16). മദ്യപരോടുകൂടി ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്ത ദുഷ്ടനായ ഭൃത്യൻ ശിക്ഷിക്കപ്പെടുമെന്ന് സുവിശേഷത്തിൽ വ്യക്തമാക്കുന്നു (മത്താ. 24:45-51). ദൈവത്തിന്റെ കാര്യസ്ഥൻ മദ്യപൻ ആവരുതെന്ന് പൗലോസ് ശ്ലീഹാ നിഷ്കർഷിക്കുന്നു (1 തിമോ. 1:7). സഭ ദൈവാനുഗ്രഹങ്ങൾ കൈകാര്യം ചെയ്യുന്നവരുടെ കൂട്ടമാണ്. അത് എന്നും എപ്പോഴും സംശുദ്ധമായിരിക്കണം.

ദൈവകല്പനകളുടെ ലംഘനമാണ് പാപം. സ്നേഹമാണ് ദൈവകല്പനകളുടെ സാരം. മദ്യപൻ സ്വാർത്ഥനാണ്. ഈ അർത്ഥത്തിൽ മദ്യപാനം പാപകരമോ അധാർമ്മികമോ ആകുന്നു. അത് ആരോഗ്യത്തിന് ഹാനികരമാണ്. ആത്മീയമുരടിപ്പ് ഉണ്ടാക്കുന്നു. സാമൂഹികതിന്മകൾക്ക് വഴിവയ്ക്കുന്നു. കുടുംബഭദ്രത തകർക്കുന്നു. കുടുംബത്തിൽ ഒരാൾ മദ്യപിച്ച് സന്തോഷിക്കുമ്പോൾ മറ്റ് അംഗങ്ങൾ ദുഃഖിക്കുന്നു. സാമ്പത്തികാടിത്തറ ഇളകുന്നു. മദ്യപിക്കുമ്പോൾ ചിന്തയും വിവേകവും നഷ്ടപ്പെട്ട് മനുഷ്യൻ മൃഗതുല്യനാകുന്നു. അക്രമങ്ങൾ അരങ്ങേറുന്നു. കുടുംബത്തിലും സമൂഹത്തിലും ഒറ്റയ്ക്കും കൂട്ടമായും നടക്കുന്ന ആത്മഹത്യകൾക്ക് മദ്യപാനം ഹേതുവാകുന്നു. കൊള്ളയും കൊലപാതകങ്ങളും വർദ്ധിച്ച് രാജ്യത്തിൽ ഒന്നാം സ്ഥാനത്ത് എത്തിയിരിക്കുന്ന കേരളം മദ്യപാനത്തിലും ഒന്നാം സ്ഥാനത്തിൽ എത്തിയിരിക്കുന്നുവെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മദ്യം ഏതു രൂപത്തിലും ഏതു അളവിലും ഒരു പ്രാവശ്യമായാലും വർജ്ജിക്കേണ്ടതാണ്. കേരളസഭ ഇതിന് നേതൃത്വം നൽകണം. സഭയുടെ ഈ ദൗത്യം ഈ പുതുവർഷം മുഴുവൻ നിറവേറട്ടെ.

എന്ന്,

**ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
ചെയർമാൻ, കെ.സി.ബിസി മദ്യവിരുദ്ധ കമ്മീഷൻ

## 2007 ഡിസംബർ 9 ഞായർ

# "ലത്തീൻ കത്തോലിക്ക സമുദായദിനം"

## ജീവനാദം രണ്ടാം വാർഷികം

## *സംയുക്ത ഇടയലേഖനം*

വന്ദ്യ വൈദികരേ സന്ന്യാസ സഹോദരീ സഹോദരരേ, വത്സല മക്കളേ,

2003 മുതൽ എല്ലാ വർഷവും ഡിസംബർ മാസത്തിൽ നാം ലത്തീൻ കത്തോലിക്ക സമുദായദിനം ആചരിച്ചുവരികയാണ്. ഈ വർഷം ഡിസംബർ 9-നാണ് സമുദായദിനം. എല്ലാ മനുഷ്യരെയും തന്റെ ജീവനിലും സ്നേഹത്തിലും വചനത്തിലും പങ്കുകാരാക്കുക എന്ന ലക്ഷ്യമാണ് പിതാവായ ദൈവം യേശുനാഥനിലൂടെ പൂർത്തിയാക്കിയത്. അപ്പസ്തോലന്മാരെ മാത്രമല്ല 72 പേരടങ്ങുന്ന ശിഷ്യഗണത്തെയും പങ്കാളികളാക്കിക്കൊണ്ടാണ് ക്രിസ്തു തന്റെ വചന ശുശ്രൂഷയും സ്നേഹശുശ്രൂഷയും നിർവഹിച്ചത്. അവിടന്ന് അപ്പസ്തോലന്മാരെ ചുമതലകൾ ഏല്പിച്ചത് അവരെ ദാസന്മാരായല്ല സ്നേഹിതന്മാരായി പരിഗണിച്ചുകൊണ്ടാണ്. താൻ ജീവൻ കൊടുത്ത് ജന്മം നൽകിയ ദൈവജനം വളർന്നു വികസിക്കണമെന്നും എല്ലാവർക്കും പങ്കാളിത്തമുള്ള സഭാസമൂഹമായിരിക്കണമെന്നും അവിടന്ന് നിശ്ചയിച്ചു.

സഭയുടെ അജപാലനപരമായ എല്ലാ മേഖലയിലും പങ്കാളിത്തപരമായ മനോഭാവവും പ്രവർത്തനശൈലിയും ഉൾക്കൊണ്ട് പ്രവർത്തിക്കുവാൻ അഭിഷിക്തർക്കും സന്ന്യസ്തർക്കും അല്മായർക്കുമുള്ള ചുമതലയെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. നമ്മുടെ രൂപതകളിലും ഇടവകകളിലുമുള്ള അജപാലന സമിതികൾ സാമ്പത്തികകാര്യ സമിതികൾ, കുടുംബയൂണിറ്റുകൾ അഥവാ ബി.സി.സി.കൾ,





സംഘടനകൾ എന്നിവയെല്ലാം സഭാപ്രവർത്തനങ്ങളിൽ അല്മായ പങ്കാളിത്തം സജീവവും കാര്യക്ഷമമവുമാക്കാനായി രൂപീകരിച്ചിട്ടുള്ള സഭാസംവിധാനങ്ങളാണ്. ലത്തീൻ സഭാസമൂഹത്തെ വളർത്തിയെടുക്കേണ്ട ഉത്തരവാദിത്തം ലത്തീൻ മെത്രാന്മാരിൽ മാത്രം  നിക്ഷിപ്തമായ ഒന്നല്ല. സഭയിലെ മുഴുവൻ വൈദികരും സന്ന്യസ്തരും ആ ഉത്തരവാദിത്വത്തിൽ പങ്കാളികളാകേണ്ടവരാണ്. ഒരു വടവൃക്ഷം പോലെ പടർന്ന് പന്തലിച്ചുവളരുന്ന ലത്തീൻ സഭാശരീരത്തിലെ സജീവ ശാഖകളാണ് രണ്ട് ദശ ലക്ഷം വരുന്ന ലത്തീൻ ജനത.

കേരളത്തിൽ കണ്ണൂർ മുതൽ നെയ്യാറ്റിൻകര വരെ 11 രൂപതകളിലായി വികേന്ദ്രീകരിച്ചു വളരുന്ന സഭാസമൂഹത്തിന്റെ വളർച്ചയ്ക്ക് ഒരു പൊതുനേതൃത്വവും അല്മായരുടെ പങ്കാളിത്തവും ഉറപ്പു വരുത്തുന്നതിനായിട്ടാണ് 2002 മേയ് മാസത്തിൽ കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിൽ (KRLCC) രൂപീകരിച്ചത്. അതിപ്പോൾ കേരളത്തിലെ ലത്തീൻ സമൂഹത്തിന്റെ സഭാ-സാമുദായിക കാര്യങ്ങളുടെ ഉന്നത നയരൂപീകരണ സമിതിയായും നമ്മുടെ എല്ലാ സംരംഭങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ഏകോപന വേദിയായും കഴിഞ്ഞ 66 മാസങ്ങളായി പ്രവർത്തിച്ചുവരുകയാണ്. മുന്നിൽ അനേകം കാതങ്ങൾ പിന്നിടാൻ ഈ പ്രസ്ഥാനത്തിന് ഉണ്ടെങ്കിലും  പിന്നിട്ട നാളുകൾ അഭിമാനവും ആവേശവും പകരുന്നവയായിരുന്നു. ആകെ അംഗസംഖ്യയുടെ പകുതിയിലേറെ അല്മായർക്ക് പ്രാതിനിധ്യമുള്ള KRLCC, സഭയുടെ പങ്കാളിത്തപരമായ മാനം ഏറ്റം മനോഹരമായി ആവിഷ്കരിക്കുന്ന വേദിയായി ഭവിച്ചിരിക്കുന്നു. മെത്രാന്മാരും വൈദികരും സന്ന്യസ്തരും അല്മായരും ഒരുമിച്ചിരുന്ന് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് സംസാരിക്കുന്നു. അഭിപ്രായങ്ങളും വിമർശനങ്ങളും വിലയിരുത്തലുകളും പങ്കുവയ്ക്കുന്നു. ആശയസമന്വയവും ദിശാബോധവും സാധ്യമാക്കുന്നു. തീരുമാനങ്ങൾ എല്ലാവരും ചേർന്ന് എടുക്കുന്നു.

അങ്ങനെ ആദിമ സഭാസമൂഹത്തിൽ നിറഞ്ഞുനിന്ന കൂട്ടായ്മ യുടെയും പങ്കാളിത്തത്തിന്റെയും അരൂപി ഈ കൗൺസിലിൽ അനുഭവവേദ്യമാകുകയാണ്.

സമുദായ പ്രശ്നങ്ങളിൽ ഭരണാധികാരികളുമായി ഇടപെടുന്നതിലും അവയെക്കുറിച്ച് സമുദായാംഗങ്ങൾക്കിടയിൽ അവബോധം ജനിപ്പിക്കുന്നതിലും കഴിഞ്ഞ 35 വർഷക്കാലമായി KLCA നിർണ്ണായക പങ്കു വഹിച്ചുവരുന്നു വംശീയമായി ഉൾഘടക വൈവിധ്യം ഉണ്ടെങ്കിലും നാം ഒരൊറ്റ ജനതയാണെന്ന് സമുദായാംഗങ്ങളും, പൊതുപ്രശ്നത്തെ ഒരുമിച്ച് നേരിടാൻ ശക്തിയും ഒരുമയുമുള്ള ഒരു സമൂഹമാണ് ലത്തീൻ ജനതയെന്ന് പൊതുസമൂഹവും തിരിച്ചറിയാൻ കാരണമായത് KRLCC യുടെ നേതൃത്വത്തിൽ 2004 ഓഗസ്റ്റിൻ നമ്മൾ തിരുവനന്തപുരത്തു നടത്തിയ പ്രതിഷേധ പ്രകടനം പൊതു പ്രശ്നങ്ങൾ പരിഹരിക്കാൻ നാം ഒന്നിച്ച് മുന്നേറുമെന്ന് തെളിയിക്കുന്ന ഒന്നായിരുന്നു. 2005-ൽ നാം ഇദംപ്രഥമമായി നമ്മുടെ രാഷ്ട്രീയ നയം പ്രഖ്യാപിച്ചത്. പൊതുസമൂഹം ലത്തീൻ സമുദായത്തെ ഉറ്റുനോക്കാൻ കാരണമായി. ഒരു രാഷട്രീയ മുന്നണിയോടും ആഭിമുഖ്യമൊ അനാഭിമുഖ്യമൊ ഇല്ലാതെ നാം രാഷ്ട്രീയ ചേരിചേരാനയം പ്രഖ്യാപിക്കുകയാണുണ്ടായത്. 2005 ഡിംസബറിലെ ലത്തീൻ സമുദായദിനത്തിൽ ജീവനാദം വാരികയ്ക്ക് ജന്മം നൽകിക്കൊണ്ട് സമുദായത്തിന്റെ സ്വരം ബഹുജനമദ്ധ്യത്തിൽ എത്തിക്കുക എന്ന ലക്ഷ്യം നാം കൈവരിച്ചു.

2006-ൽ നാം വികസന നയം പ്രഖ്യാപിക്കുകയുണ്ടായി. ആ വർഷം തന്നെ അല്മായരെ സമൂഹത്തിന്റെ മുഖ്യധാര നേതൃനിരയിൽ എത്തിക്കുക എന്ന KRLCCയുടെ പ്രഖ്യാപിത ലക്ഷ്യം നേടുന്നതിന്റെ ഭാഗമായി എല്ലാ രൂപതകളിലും അല്മായ കമ്മീഷന്റെ ഫോറം രൂപീകരിക്കുവാൻ തീരുമാനിക്കുകയും പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്തത്





അല്മായ ശാക്തീകരണത്തിന് തുടക്കം കുറിക്കലായി ഭവിച്ചു. രൂപതകളിലെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റുകളുമായി ഏറെ ചർച്ചകളും ആലോചനകളും നടത്തി പുറപ്പെടുവിച്ച വിദ്യാഭ്യാസ നയവും കെ.സി.വൈ.എം. ഉൾപ്പെടെയുള്ള യുവജന സംഘടനകളുമായുള്ള നീണ്ട പര്യാലോചനയ്ക്കുശേഷം പ്രഖ്യാപിച്ച യുവജന നയവും ലത്തീൻ സഭാസാമുദായിക ഉദ്ഗ്രഥനത്തിനായി കെ.ആർ.എൽ.സി.സി.യിലൂടെ കൈവന്ന മുന്നേറ്റങ്ങളാണ്.

മേല്പറഞ്ഞ ആശാവഹമായ പ്രവർത്തനങ്ങളുടെ ഫലവും കാത്ത് നമുക്ക് സ്വസ്ഥരായിരിക്കാനാവില്ല. കാരണം കേരളത്തിലെ ക്രൈസ്തവർ ഗുരുതരമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന കാലയളവാണിത്. ക്രൈസ്തവരോട് ആക്രമണോത്സുകമായ സമീപനം സ്വീകരിച്ചിരിക്കുന്ന ഭരണകർത്താക്കളും, ഭരണാധികാരത്തിന്റെയും ഹവാല പണത്തിന്റെയും പിൻബലത്തിൽ കുതിച്ചു കയറുന്ന കമ്പോളസംസ്കാരവും, വളർന്നുവരുന്ന വിവിധ മാഫിയ സംഘങ്ങളും ചേർന്ന് അധാർമ്മികത വളർത്തി സാമൂഹിക-സാംസ്കാരിക പ്രതിസന്ധി ഉളവാക്കിക്കൊണ്ടിരിക്കുകയാണ്.

നമ്മുടെ ജനങ്ങളെ മുഖ്യധാരയിലെത്തിക്കാനുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിച്ചും സ്വാശ്രയ സംരംഭങ്ങളെ ഭീഷണിപ്പെടുത്തിയും സുനാമി ഫണ്ടിന്റെ വിനിയോഗത്തിൽ മത്സ്യത്തൊഴിലാളികളെ അവഗണിച്ചും അടിസ്ഥാന ജനവിഭാഗങ്ങൾ ഏറെയുള്ള ലത്തീൻ സമുദായത്തെ ഉത്തരവാദിത്തപ്പെട്ടവർ ഇതുപോലെ ദ്രോഹിച്ച കാലഘട്ടം ഉണ്ടായിട്ടില്ല. ഏതു രാഷ്ട്രീയമുന്നണി ഭരിച്ചാലും തനിയാവർത്തനംപോലെ ലത്തീൻ ജനതയ്ക്ക് ദുരവസ്ഥ നേരിടുന്നത് അവസാനിപ്പിക്കാൻ നാം ദൃഢനിശ്ചയം ചെയ്തേ പറ്റൂ.

സമുദായാംഗങ്ങളിൽസമുദായബോധവും ഐക്യവും വളർത്തിയെടുക്കണം. സമുദായത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും സമുദായം നേരിടുന്ന വെല്ലുവിളികൾ എങ്ങനെ ഫലപ്രദമായി നേരിടണമെന്നും കൂട്ടായി ചിന്തിക്കാനും സമുദായദിനാചരണം ഏറെ സഹായകമാണ്. സമുദായത്തിലുള്ള സ്വാഭാവികമായ വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും മനസ്സിലാക്കി അംഗീകരിച്ചുകൊണ്ടുതന്നെ പൊതുപ്രശ്നങ്ങളെ ഒറ്റക്കെട്ടായി നേരിടാൻ ഉതകുന്ന ഐക്യവും സഹകരണവും സംഘടനകൾ തമ്മിലും പ്രസ്ഥാനങ്ങൾ തമ്മിലും വളർത്തിയെടുക്കുക എന്നതാണ് ലത്തീൻ ജനത നേരിടുന്ന കാതലായ ഒരു വെല്ലുവിളി. ഈ വെല്ലുവിളി ഏറ്റെടുക്കുവാൻ അഭിഷിക്തരും സന്ന്യസ്തരും അല്മായരും മുന്നോട്ടു വരണം. പരസ്പരമുള്ള കിടമ്സരം ഇല്ലാതാക്കിയും നമ്മെ ഭിന്നിപ്പിച്ച് മുതലെടുക്കാൻ ശ്രമിക്കുന്നവരുടെ ഗൂഢ ഇടപെടലുകളെ തിരിച്ചറിഞ്ഞ് തിരസ്കരിച്ചും കൂട്ടായി ശക്തിയാർജ്ജിക്കുവാൻ എല്ലാ അല്മായ സംഘടനകളും, വിശേഷിച്ച് യുവജന, വനിത, ദളിത് സംഘടനകൾ പ്രതിജ്ഞാബദ്ധരാകേണ്ട കാലമാണിത്.

ഈ വർഷത്തെ സമുദായദിനത്തിൽ ക്രിസ്റ്റ്യൻ സർവ്വീസ് സൊസൈറ്റി എറണാകുളം മറൈൻ ഡ്രൈവിൽ സംഘടിപ്പിക്കുന്ന സമുദായ സംഗമം വിജയിപ്പിക്കുവാൻ ഏവരും സഹകരിക്കേണ്ടത് ആവശ്യമാണ്. അല്മായരുടെ ശാക്തീകരണത്തിന് ആക്കം കൂട്ടാനും സമുദായത്തെ അവഗണിക്കുന്നവർക്ക് മുന്നറിയിപ്പ് നൽകാനും സമുദായ സംഗമം സംഘടിപ്പിക്കൽ ഉപയുക്തമാകട്ടെയെന്ന് ആശംസിക്കുന്നു.

സമുദായ പൈതൃകത്തിന്റെ സംരക്ഷകരും സമുദായ പുരോഗതിയുടെ ശില്പികളും തങ്ങൾ തന്നെയാണെന്ന് ബോധമുള്ള സമുദായാംഗങ്ങളുടെ ഒരു പ്രബുദ്ധനിര ഉയർന്നുവരുവാൻ സമുദായദിനാചരണം സഹായകമാകട്ടെ. എല്ലാ സംഘടനകളും പ്രസ്ഥാനങ്ങളും കുടുംബയൂണിറ്റുകളും





വിശ്വാസികളേവരും സമുദായദിനചരമം വിജയപ്രദമാക്കുവാൻ സഹകരിക്കണമെന്നും അവർക്ക് ആവശ്യമായ നേതൃത്വം നൽകാൻ വൈദികരും സന്ന്യസ്തരും മുൻകൈയെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഈ സമുദായദിനത്തിൽ ജീവനാദം വാരികയുടെ വരിക്കാരാകാൻ എല്ലാ കുടുംബങ്ങളെയും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. പരിക്ഷീണർക്ക് അഭയമേകുന്ന സ്നേഹനിധിയായ ദൈവം നിങ്ങളേവരെയും അനുഗ്രഹിക്കുമാറാകട്ടെ.

പൈതൃകാശീർവാദങ്ങളോടെ,
ലത്തീൻ കത്തോലിക്ക മെത്രാൻ സമിതിക്കുവേണ്ടി

**+ മോസ്റ്റ് റവ. ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ**
(വരാപ്പുഴ മെത്രാപ്പൊലീത്ത, പ്രസിഡന്റ്, KRLCBC, KRLCC)
ആർച്ച് ബിഷപ്പ് സൂസ പാക്യം (തിരുവനന്തപുരം),
ഡോ. വിൻസന്റ് സാമുവൽ (നെയ്യാറ്റിൻകര),
ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ (ആലപ്പുഴ),
ഡോ. സ്റ്റാൻലി റോമൻ (കൊല്ലം),
ഡോ. ജോസഫ് കരിയിൽ (പുനലൂർ),
ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ (കോട്ടപ്പുറം),
ഡോ. വർഗ്ഗീസ് ചക്കാലക്കൽ (കണ്ണൂർ),
ഡോ. ജോൺ തട്ടുങ്കൽ (കൊച്ചി),
ഡോ. ജോസഫ് കളത്തിപ്പറമ്പിൽ (കോഴിക്കോട്),
ഡോ. സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ (വിജയപുരം),
ഡോ. ജോസഫ് കാരിക്കശ്ശേരി (വരാപ്പുഴ).

# YEAR PLANNER - 2008

## JANUARY

| Date | Venue | Purpose |
|---|---|---|
| 01 Tue | | |
| 02 Wed | | Monthly Recollection (Forane) |
| 03 Thu | Edacochin | Pre Cana Course |
| 04 Fri | Edacochin | Pre Cana Course |
| 05 Sat | Edacochin | Pre Cana Course |
| 06 Sun | Edacochin | Pre Cana Course |
| 07 Mon | | |
| 08 Tue | Aluva | Class at Carmelgiri |
| 09 Wed | | |
| 10 Thu | | |
| 11 Fri | | KRLCC |
| 12 Sat | | KRLCC |
| 13 Sun | Kumbalam | Pastoral Visit – St. Xavier's Study House |
| 14 Mon | | |
| 15 Tue | Aluva | Class at Carmelgiri |
| 16 Wed | | |
| 17 Thu | Edacochin | Pre Cana Course |
| 18 Fri | Edacochin | Pre Cana Course |
| 19 Sat | Edacochin | Pre Cana Course |
| 20 Sun | Edacochin | Pre Cana Course |
| 21 Mon | | |
| 22 Tue | Aluva | Class at Carmelgiri |
| 23 Wed | | Seminary Commission |
| 24 Thu | | Seminary Commission |
| 25 Fri | | |
| 26 Sat | | NRI, Religious-Priests Meet |
| 27 Sun | | Ordination |
| 28 Mon | | |
| 29 Tue | Aluva | Class at Carmelgiri |
| 30 Wed | Bishop's House | Consultors Meet |
| 31 Thu | | Blessing of Vasco de Gama-Research Institute of Cochin |





## FEBRUARY

| Date | Venue | Purpose |
|---|---|---|
| 01 Fri | | |
| 02 Sat | | |
| 03 Sun | | JUBILEE Concluding Celebrations |
| 04 Mon | | |
| 05 Tue | Aluva | Class at Carmelgiri |
| 06 Wed | | ASH WEDNESDAY |
| 07 Thu | Bishop's House<br>Edacochin | Monthly Recollection<br>Pre Cana Course |
| 08 Fri | Edacochin | Pre Cana Course |
| 09 Sat | Edacochin | Pre Cana Course |
| 10 Sun | Edacochin | Pre Cana Course |
| 11 Mon | | |
| 12 Tue | Jamshedpur | CBCI |
| 13 Wed | | CBCI |
| 14 Thu | | CBCI |
| 15 Fri | | CBCI |
| 16 Sat | | CBCI |
| 17 Sun | | CBCI |
| 18 Mon | | CBCI |
| 19 Tue | | CBCI |
| 20 Wed | | CBCI |
| 21 Thu | Edacochin | Pre Cana Course |
| 22 Fri | Edacochin | Pre Cana Course |
| 23 Sat | Edacochin | Pre Cana Course |
| 24 Sun | Edacochin | Pre Cana Course |
| 25 Mon | | |
| 26 Tue | Aluva | Pastoral Visit – Holy Cross Study House |
| 27 Wed | Bishop's House | Consultors Meet |
| 28 Thu | | |
| 29 Fri | | |

## MARCH

| Date | Venue | Purpose |
|---|---|---|
| 01 Sat | | Pastoral Visit |
| 02 Sun | | Pastoral Visit |
| 03 Mon | | |
| 04 Tue | | |
| 05 Wed | | Monthly Recollection (Forane) |
| 06 Thu | Edacochin | Pre Cana Course |
| 07 Fri | Edacochin | Pre Cana Course |
| 08 Sat | Bishop's House<br>Edacochin | Diocesan Pastoral Council<br>Pre Cana Course |
| 09 Sun | Kannamaly<br>Edacochin | St. Joseph's Feast<br>Pre Cana Course |
| 10 Mon | | |
| 11 Tue | | |
| 12 Wed | | |
| 13 Thu | | |
| 14 Fri | | |
| 15 Sat | | |
| 16 Sun | | PALM SUNDAY |
| 17 Mon | | |
| 18 Tue | | |
| 19 Wed | | |
| 20 Thu | | MAUNDY THURSDAY |
| 21 Fri | | GOOD FRIDAY |
| 22 Sat | | |
| 23 Sun | | EASTER |
| 24 Mon | | |
| 25 Tue | | |
| 26 Wed | | Consultors Meet |
| 27 Thu | Edacochin | Pre Cana Course |
| 28 Fri | Edacochin | Pre Cana Course |
| 29 Sat | Edacochin | Pre Cana Course |
| 30 Sun | Edacochin | Pre Cana Course |
| 31 Mon | | |





## APRIL

| Date | Venue | Purpose |
|---|---|---|
| 01 Tue | Bishop's House | Monthly Recollection |
| 02 Wed | | |
| 03 Thu | | |
| 04 Fri | | |
| 05 Sat | | Pastoral Visit |
| 06 Sun | | Pastoral Visit |
| 07 Mon | | |
| 08 Tue | | |
| 09 Wed | | |
| 10 Thu | Edacochin | Pre Cana Course |
| 11 Fri | Edacochin | Pre Cana Course |
| 12 Sat | <br>Edacochin | Pastoral Visit<br>Pre Cana Course |
| 13 Sun | <br>Edacochin | Pastoral Visit<br>Pre Cana Course |
| 14 Mon | | |
| 15 Tue | | |
| 16 Wed | | |
| 17 Thu | | |
| 18 Fri | | |
| 19 Sat | | Pastoral Visit |
| 20 Sun | | Pastoral Visit |
| 21 Mon | | |
| 22 Tue | | |
| 23 Wed | | |
| 24 Thu | | |
| 25 Fri | | |
| 26 Sat | | |
| 27 Sun | | |
| 28 Mon | | |
| 29 Tue | | |
| 30 Wed | | |

## MAY

| Date | Venue | Purpose |
|---|---|---|
| 01 Thu | | |
| 02 Fri | | |
| 03 Sat | | |
| 04 Sun | | |
| 05 Mon | | |
| 06 Tue | | |
| 07 Wed | | Monthly Recollection (Forane) |
| 08 Thu | Edacochin | Pre Cana Course |
| 09 Fri | Edacochin | Pre Cana Course |
| 10 Sat | Edacochin | Pre Cana Course |
| 11 Sun | Edacochin | Pre Cana Course |
| 12 Mon | | |
| 13 Tue | | |
| 14 Wed | | |
| 15 Thu | | |
| 16 Fri | | |
| 17 Sat | | |
| 18 Sun | | |
| 19 Mon | | |
| 20 Tue | | |
| 21 Wed | | |
| 22 Thu | | |
| 23 Fri | | |
| 24 Sat | | |
| 25 Sun | | |
| 26 Mon | | |
| 27 Tue | | |
| 28 Wed | | |
| 29 Thu | | |
| 30 Fri | | |
| 31 Sat | | |





## JUNE

| Date | Venue | Purpose |
|---|---|---|
| 01 Sun | | |
| 02 Mon | | |
| 03 Tue | | |
| 04 Wed | Bishop's House | Monthly Recollection |
| 05 Thu | | |
| 06 Fri | | |
| 07 Sat | | |
| 08 Sun | | |
| 09 Mon | | |
| 10 Tue | | |
| 11 Wed | | |
| 12 Thu | Edacochin | Pre Cana Course |
| 13 Fri | Edacochin | Pre Cana Course |
| 14 Sat | Edacochin | Pre Cana Course |
| 15 Sun | Edacochin | Pre Cana Course |
| 16 Mon | | |
| 17 Tue | Aluva | Class at Carmelgiri |
| 18 Wed | | Consultors Meet |
| 19 Thu | | |
| 20 Fri | | |
| 21 Sat | | |
| 22 Sun | | |
| 23 Mon | | |
| 24 Tue | Aluva | Class at Carmelgiri |
| 25 Wed | | CONSECRATION DAY |
| 26 Thu | | |
| 27 Fri | | |
| 28 Sat | | Pastoral Visit |
| 29 Sun | | Pastoral Visit |
| 30 Mon | | |

## JULY

| Date | Venue | Purpose |
|---|---|---|
| 01 Tue | Aluva | Class at Carmelgiri |
| 02 Wed | | Monthly Recollection (Forane) |
| 03 Thu | | |
| 04 Fri | | |
| 05 Sat | | |
| 06 Sun | | |
| 07 Mon | | |
| 08 Tue | Aluva | Class at Carmelgiri |
| 09 Wed | | |
| 10 Thu | Edacochin | Pre Cana Course |
| 11 Fri | Edacochin | Pre Cana Course |
| 12 Sat | Edacochin | Pre Cana Course |
| 13 Sun | Edacochin | Pre Cana Course |
| 14 Mon | | |
| 15 Tue | Aluva | Class at Carmelgiri |
| 16 Wed | Seminary | Feast – Our Lady of Mount Carmel |
| 17 Thu | | |
| 18 Fri | | |
| 19 Sat | | |
| 20 Sun | | |
| 21 Mon | | |
| 22 Tue | Aluva | Class at Carmelgiri |
| 23 Wed | | |
| 24 Thu | Edacochin | Pre Cana Course |
| 25 Fri | Edacochin | Pre Cana Course |
| 26 Sat | Edacochin | Pre Cana Course |
| 27 Sun | Edacochin | Pre Cana Course |
| 28 Mon | | |
| 29 Tue | Aluva | Class at Carmelgiri<br>On-going Formation |
| 30 Wed | | On-going Formation |
| 31 Thu | | On-going Formation |





## AUGUST

| Date | Venue | Purpose |
|---|---|---|
| 01 Fri | | |
| 02 Sat | | |
| 03 Sun | | |
| 04 Mon | | |
| 05 Tue | Aluva | Class at Carmelgiri |
| 06 Wed | | |
| 07 Thu | Edacochin | Pre Cana Course |
| 08 Fri | Edacochin | Pre Cana Course |
| 09 Sat | Edacochin | Pre Cana Course |
| 10 Sun | Edacochin | Pre Cana Course |
| 11 Mon | | |
| 12 Tue | Aluva | Class at Carmelgiri |
| 13 Wed | | |
| 14 Thu | | |
| 15 Fri | | |
| 16 Sat | | |
| 17 Sun | | |
| 18 Mon | | |
| 19 Tue | Aluva | Class at Carmelgiri |
| 20 Wed | | |
| 21 Thu | | |
| 22 Fri | | |
| 23 Sat | | |
| 24 Sun | | |
| 25 Mon | | |
| 26 Tue | Aluva | Class at Carmelgiri |
| 27 Wed | | Consultors Meet |
| 28 Thu | Edacochin | Pre Cana Course |
| 29 Fri | Edacochin | Pre Cana Course |
| 30 Sat | Edacochin | Pre Cana Course |
| 31 Sun | Edacochin | Pre Cana Course |

## SEPTEMBER

| Date | Venue | Purpose |
|---|---|---|
| 01 Mon | | |
| 02 Tue | Aluva | Class at Carmelgiri |
| 03 Wed | | |
| 04 Thu | | |
| 05 Fri | | |
| 06 Sat | | |
| 07 Sun | | ANNUAL RETREAT |
| 08 Mon | | |
| 09 Tue | Aluva | Class at Carmelgiri |
| 10 Wed | | |
| 11 Thu | | |
| 12 Fri | | |
| 13 Sat | | |
| 14 Sun | | ANNUAL RETREAT |
| 15 Mon | | |
| 16 Tue | Aluva | Class at Carmelgiri |
| 17 Wed | | |
| 18 Thu | | |
| 19 Fri | | |
| 20 Sat | | |
| 21 Sun | | |
| 22 Mon | | |
| 23 Tue | Aluva | Class at Carmelgiri |
| 24 Wed | | |
| 25 Thu | Edacochin | Pre Cana Course |
| 26 Fri | Edacochin | Pre Cana Course |
| 27 Sat | <br>Edacochin | Pastoral Visit<br>Pre Cana Course |
| 28 Sun | <br>Edacochin | Pastoral Visit<br>Pre Cana Course |
| 29 Mon | | |
| 30 Tue | Aluva | Class at Carmelgiri |





## OCTOBER

| Date | Venue | Purpose |
|---|---|---|
| 01 Wed | Bishop's House | Monthly Recollection |
| 02 Thu | | |
| 03 Fri | | |
| 04 Sat | | Pastoral Visit |
| 05 Sun | | Pastoral Visit |
| 06 Mon | | |
| 07 Tue | Aluva | Class at Carmelgiri |
| 08 Wed | | |
| 09 Thu | Edacochin | Pre Cana Course |
| 10 Fri | Edacochin | Pre Cana Course |
| 11 Sat | Bishop's House<br>Edacochin | Diocesan Pastoral Council<br>Pre Cana Course |
| 12 Sun | Edacochin | Pre Cana Course |
| 13 Mon | | |
| 14 Tue | Aluva | Class at Carmelgiri |
| 15 Wed | | |
| 16 Thu | | |
| 17 Fri | | |
| 18 Sat | | Pastoral Visit |
| 19 Sun | | Pastoral Visit |
| 20 Mon | | |
| 21 Tue | Aluva | Class at Carmelgiri |
| 22 Wed | | |
| 23 Thu | Edacochin | Pre Cana Course |
| 24 Fri | Edacochin | Pre Cana Course |
| 25 Sat | <br>Edacochin | Pastoral Visit<br>Pre Cana Course |
| 26 Sun | <br>Edacochin | Pastoral Visit<br>Pre Cana Course |
| 27 Mon | | |
| 28 Tue | Aluva | Class at Carmelgiri |
| 29 Wed | | Consultors Meet |
| 30 Thu | | |
| 31 Fri | | |

**NOVEMBER**

| Date | Venue | Purpose |
|---|---|---|
| 01 Sat | | |
| 02 Sun | | |
| 03 Mon | | |
| 04 Tue | Aluva | Class at Carmelgiri |
| 05 Wed | | Monthly Recollection (Forane) |
| 06 Thu | Edacochin | Pre Cana Course |
| 07 Fri | Edacochin | Pre Cana Course |
| 08 Sat | Edacochin | Pastoral Visit<br>Pre Cana Course |
| 09 Sun | Edacochin | Pastoral Visit<br>Pre Cana Course |
| 10 Mon | | |
| 11 Tue | Aluva | Class at Carmelgiri |
| 12 Wed | | |
| 13 Thu | | |
| 14 Fri | | |
| 15 Sat | | Pastoral Visit |
| 16 Sun | | Pastoral Visit |
| 17 Mon | | |
| 18 Tue | Aluva | Class at Carmelgiri |
| 19 Wed | | |
| 20 Thu | | |
| 21 Fri | | |
| 22 Sat | | Pastoral Visit |
| 23 Sun | | Pastoral Visit |
| 24 Mon | | |
| 25 Tue | Aluva | Class at Carmelgiri |
| 26 Wed | | Consultors Meet |
| 27 Thu | Edacochin | Pre Cana Course |
| 28 Fri | Edacochin | Pre Cana Course |
| 29 Sat | Edacochin | Pastoral Visit<br>Pre Cana Course |
| 30 Sun | Edacochin | Pastoral Visit<br>Pre Cana Course |





**DECEMBER**

| Date | Venue | Purpose |
|---|---|---|
| 01 Mon | | |
| 02 Tue | Aluva | Class at Carmelgiri |
| 03 Wed | Bishop's House | Monthly Recollection |
| 04 Thu | | |
| 05 Fri | | |
| 06 Sat | | |
| 07 Sun | | |
| 08 Mon | | |
| 09 Tue | Aluva | Class at Carmelgiri |
| 10 Wed | | |
| 11 Thu | Edacochin | Pre Cana Course |
| 12 Fri | Edacochin | Pre Cana Course |
| 13 Sat | Edacochin | Pre Cana Course |
| 14 Sun | Edacochin | Pre Cana Course |
| 15 Mon | | |
| 16 Tue | Aluva | Class at Carmelgiri |
| 17 Wed | | |
| 18 Thu | | |
| 19 Fri | | |
| 20 Sat | | X'MAS GATHERING |
| 21 Sun | | |
| 22 Mon | | |
| 23 Tue | | |
| 24 Wed | | |
| 25 Thu | | CHRISTMAS |
| 26 Fri | | |
| 27 Sat | | |
| 28 Sun | | |
| 29 Mon | | |
| 30 Tue | | |
| 31 Wed | Bishop's House | Consultors Meet |

# ചരിത്രത്താളുകളിലൂടെ
# കാട്ടിപ്പറമ്പ് സെന്റ് ഫ്രാൻസിസ് അസീസി ഇടവക



പീറ്റർ റൂഫസ് ചാണയിൽ

**കാ**ട്ടിപ്പറമ്പ് സെന്റ് ഫ്രാൻസിസ് അസീസി ഇടവകയ്ക്ക് കൊച്ചി രൂപതാതലത്തിലും കേരള സഭയിലും ആഗോളതലത്തിലും ഒരു സവിശേഷസ്ഥാനമുണ്ട്. കാരണം കടൽതീരത്തുള്ള രണ്ടു ചതുരശ്രകിലോമീറ്റർ വരുന്ന ഈ പ്രദേശത്ത് 100% ക്രിസ്ത്യാനി കുടുംബകൾ അധിവസിക്കുന്നു, അതും ലത്തീൻ കത്തോലിക്കർ മാത്രമുള്ള ഒരേയൊരു ഇടവക കാട്ടിപ്പറമ്പ് മാത്രമായിരിക്കും. അനേകവർഷക്കാലം കൊച്ചിയിലും സമീപപ്രദേശങ്ങളിലും മിഷൻ പ്രവർത്തനം നടത്തുകയും ഒട്ടനവധി സ്ഥാപനങ്ങൾ പടുത്തുയർത്തുകയും ചെയ്ത ഫ്രാൻസിസ്കൻ മിഷനറിമാരുടെ സന്ന്യാസസഭാസ്ഥാപകനും രണ്ടാം ക്രിസ്തു എന്ന അപര നാമത്തിൽ അറിയപ്പെടുന്നതും വിശ്വപ്രസിദ്ധനുമായ അസീസിയിലെ വി. ഫ്രാൻസിസിന്റെ നാമധേയത്തിലുള്ള ഒരേയൊരു ഇടവകയേ കൊച്ചി രൂപതയ്ക്കുന്നുള്ളൂ. ചരിത്രസ്മാരകമായ ഫോർട്ടുകൊച്ചി സെന്റ് ഫ്രാൻസിസ് ദേവാലയം (ലന്തപ്പള്ളി) ഇന്ത്യയിലെ ആദ്യത്തെ യൂറോപ്യൻ ദേവാലയമാണെങ്കിലും അത് കൊച്ചി രൂപതയ്ക്ക് ഇന്ന് അന്യമാണ്; കാരണം C.S.I ചർച്ചിന്റെ കീഴിലാണ്. ഫ്രാൻസിസ്കൻ മിഷനറി വൈദികരുടെ പരിലാളനയേല്ക്കാനുള്ള ഭാഗ്യവും ഈ ഇടവക ദേവാലയത്തിനു ലഭിച്ചിരുന്നു. 1961 മുതൽ 69 വരെയും തുടർന്ന് ഇടവക രൂപീകരണത്തിനുശേഷവും ചാപ്ലിൻമാരും രണ്ടു വികാരിമാരും കരുവേലിപ്പടിയിലുള്ള ഫ്രാൻസിസ്കൻ ഫ്രെയറിയിൽനിന്നുള്ള





ഫ്രാൻസിസ്കൻ വൈദികരായിരുന്നു. അങ്ങനെ വി. ഫ്രാൻസിസ് അസീസിക്ക് ആഴത്തിൽ വേരോട്ടമുള്ളതും ഫ്രാൻസിസ്കൻ ചൈതന്യം നിറഞ്ഞുനില്ക്കുന്നതുമായ ഇവിടെ ദൈവാത്മാവിന്റെ പ്രവർത്തനം പണ്ടു കാലം മുതല്ക്കേ വളരെയേറെ ദൃശ്യമായിരുന്നു.

പടിഞ്ഞാറ് അറബിക്കടലിന്റെ നീലത്തിരമാലകൾ നൃത്തം വയ്ക്കുന്നു, കിഴക്ക് കായലുകളും പാടങ്ങളും തെങ്ങിൻതോപ്പുകളുംകൊണ്ട് അനുഗ്രഹീതമായ, പ്രകൃതിസൗന്ദര്യത്തിന്റെ വശ്യത നിറഞ്ഞുതുളുമ്പുന്ന പ്രകൃതിയുടെ മധ്യസ്ഥന്റെ സ്വന്തം ഇടവക; ചെല്ലാനം പഞ്ചായത്തിന്റെ വടക്കേ അതിർത്തി (മാനാശ്ശേരി ഫിഷിംഗ് ഗ്യാപ്പ്) മുതൽ തെക്ക് CMS പാലം വരെയും കിഴക്ക് കുതിരക്കൂർകരിയുടെ വടക്കേ അതിരുമുതൽ കളത്തറഭാഗവും വടക്ക് പണ്ടാരച്ചാൽ വരെയും വിസ്തൃതമായി കിടക്കുന്ന ഈ ഇടവകയിൽ ഇന്ന് 25 കുടുംബയൂണിറ്റുകളിലായി 800ൽപരം കുടുംബങ്ങളുണ്ട്.

മുൻകാലങ്ങളിൽ മാനാശ്ശേരിയുടെ ഒരു ഭാഗമായിട്ടാണ് കാട്ടിപ്പറമ്പ് പ്രദേശത്തെ കണക്കാക്കിപ്പോന്നിരുന്നത്. മുണ്ടംവേലി സെന്റ് ലൂയീസ് ഇടവകയിലെ ഒരു പ്രമുഖ കുടുംബമായിരുന്നു കാട്ടിപ്പറമ്പ്. ആ കുടുംബത്തിലെ ശ്രീ. ശൗരിയാർ എഡ്വേർഡ് എന്ന മാന്യ വ്യക്തിയുടെ ഭാര്യ ഏലീശ്വ (എലിസബത്ത്), കുമ്പളങ്ങിയിലെ ചക്യാമുറി എന്നറിയപ്പെടുന്ന പ്രസിദ്ധ കുടുംബാംഗമായിരുന്നു. എഡ്വേർഡ് താമസിച്ചിരുന്നത് കമനീയമായ ഒരു ഇരുനിലമാളികയിലായിരുന്നു. അദ്ദേഹത്തിന്റെ ഭവനത്തിനു ചുറ്റുമായി സ്വന്തമായുണ്ടായ സ്ഥലമാണ് പില്ക്കാലത്ത് കാട്ടിപ്പറമ്പ് എന്ന പേരിലറിയപ്പെടാൻ തുടങ്ങിയത്. സന്താനങ്ങളില്ലാതിരുന്ന എഡ്വേർഡ് - എലിസബത്ത് ദമ്പതികൾ കാട്ടിപ്പറമ്പ് ദേശവാസികളെ സ്വന്തം കുടുംബാംഗങ്ങളെപ്പോലെ കരുതിയിരുന്നു. മക്കളില്ലായിരുന്നതിൽ അവർക്ക് ദുഃഖമുണ്ടായിരുന്നില്ലെന്നും പറഞ്ഞു കേട്ടിരുന്നു. നാട്ടുകാരാകട്ടെ എഡ്വേർഡിനെ കാരണവരായിത്തന്നെ സ്നേഹിക്കുകയും ആദരിക്കുകയും അനുസരിക്കുകയും ചെയ്തുപോന്നിരുന്നു.

സൽസ്വഭാവിയും ആദർശധീരനും സർവ്വോപരി മനുഷ്യസ്നേഹിയുമായിരുന്നു എഡ്വേർഡ്. അദ്ദേഹത്തിന്റെ ഭാര്യയായിരുന്ന എലിസബത്ത് കുലീനമായ സ്വഭാവഗുണങ്ങളുള്ള ഒരു മഹിളാരത്നമായിരുന്നു. തങ്ങളുടെ ഭൂസ്വത്തുക്കളിൽനിന്നും ലഭിച്ചിരുന്ന വരുമാനമെല്ലാം കാട്ടിപ്പറമ്പിലെ ജനങ്ങളുടെ ഉന്നമനത്തിനും അഭിവൃദ്ധിക്കുംവേണ്ടി ചെലവഴിച്ചിരുന്നു. തികഞ്ഞ ഈശ്വരവിശ്വാസികളായിരുന്ന അവർ എല്ലാം ഈശ്വരനിൽ അർപ്പിച്ചുകൊണ്ടുള്ള ഒരു സമർപ്പിതജീവിതമാണ് നയിച്ചിരുന്നത്.

ഇവിടെയടുത്ത് ഒരു പള്ളിയില്ലാതിരുന്നതിനാൽ സമീപവാസികൾ ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റുന്നതിന് ഒട്ടേറെ ക്ലേശങ്ങൾ അനുഭവിച്ചിരുന്നു. ഈ കുറവുപരിഹരിക്കാൻ അവർ പല മാർഗ്ഗങ്ങളെയും കുറിച്ച് ചിന്തിച്ചു. ഒടുവിൽ എഡ്വേർഡ് താമസിച്ചിരുന്ന ഇരുനില മാളികയിലെ രണ്ടാം നിലയിലെ തെക്കെയറ്റത്തെമുറി ഒരു സ്വകാര്യചാപ്പലായി ഉപയോഗിക്കുന്നതിനും അവിടെ ആരാധന നടത്തുന്നതിനും, ദിവ്യപൂജയർപ്പിക്കുന്നതിനും വേണ്ട അനുമതിക്കായി അന്നത്തെ കൊച്ചി മെത്രാനായിരുന്ന ദോം ജോസ് ഗോമസ് പെരേര തിരുമേനിയെ സമീപിച്ചു. ഈ ആവശ്യത്തിനുവേണ്ടി എല്ലാം വിട്ടു കൊടുക്കുവാൻ തയ്യാറായ ആ വലിയ മനസ്സിനെ പിതാവ് ഹൃദയപൂർവ്വം അഭിനന്ദിച്ചു. അങ്ങനെ 1887-ൽ എഡ്വേർഡിന്റെ മാളികയിലെ മുകളിലത്തെ നിലയിലെ തെക്കേയറ്റത്തെ മുറി ഒരു സ്വകാര്യ ചാപ്പലായി ഉപയോഗിക്കുവാൻ അനുവാദം ലഭിക്കുകയും ചെയ്തു. 1895-ൽ ഫാ. മത്തായി മരക്കാട്ട് ആയിരുന്നു ഇവിടുത്തെ ചാപ്ലിനും മുണ്ടംവേലി പള്ളിയിലെ സീനിയർ അസിസ്റ്റന്റും. അക്കാലത്ത് വൈദികർ കുറവായിരുന്നതിനാൽ ഞായറാഴ്ചകളിലും മറ്റു വിശേഷദിവസങ്ങളിലും മാത്രമേ കുർബാന ഉണ്ടായിരുന്നുള്ളൂ. സമീപവാസികൾ അത്യുത്സാഹപൂർവ്വം ആരാധനാകർമ്മങ്ങളിൽ സംബന്ധിച്ചിരുന്നു. ഒട്ടേറെ ജനങ്ങൾ വരുവാൻ തുടങ്ങിയതിനാൽ വീടിനോട് ചേർന്ന് കൂടുതൽ സൗകര്യമുള്ള ഒരു ചാപ്പൽ 1903-ൽ പണി കഴിപ്പിച്ചു. വിശുദ്ധ എഡ്വേർഡിന്റെ പേരിലറിയപ്പെട്ടിരുന്ന പ്രസ്തുത ചാപ്പലിന്റെ





ആശീർവ്വാദം കഴിഞ്ഞ് അധികകാലമെത്തു മുമ്പ് എഡ്വേർഡ് ഇഹലോകവാസം വെടിഞ്ഞു. പിന്നീട് എലിസബത്ത് തന്റെ വസ്തുവഹകളെല്ലാം 1911 ഡിസംബർ 14-ാം തിയതി അന്നത്തെ കൊച്ചി മെത്രാനായിരുന്ന ദോം ജോസ് ബെന്റോ മാർട്ടിൻ റിബെയോ പിതാവിനെ ഏല്പിച്ചു. വിൽപ്പത്രത്തിൽ അവർ താമസിച്ചിരുന്ന ഭവനം തന്റെ കാലശേഷം ഒരു കന്യകാമഠമാക്കി മാറ്റണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. പള്ളിച്ചെലവിലേയ്ക്കായി കുറെ വസ്തുക്കളും കന്യകാലയത്തിന്റെ ആവശ്യങ്ങൾക്കായി കുറെ വസ്തുകളും അഞ്ചേക്കറോളം വരുന്ന നിലവും പ്രത്യേകം നീക്കിവച്ചിരുന്നു. ഈ മഹതി 1915 മാർച്ച് 24-ാം തിയതി നിത്യസമ്മാനത്തിനായി യാത്രയായി.

ഇക്കാലയളവിൽ ദൈവരാജ്യനിർമ്മിതിയിൽ വ്യാപൃതരായിരുന്ന ഫ്രാൻസിസ്കൻ മിഷനറീസ് ഓഫ് മേരി എന്ന സന്ന്യാസ സമൂഹാംഗങ്ങളെ ഒരു നിമിത്തമെന്നപോലെ പരിചയപ്പെട്ട കൊച്ചി മെത്രാനായിരുന്ന ദോം ജോസ് മാർട്ടിൻ ബെന്റോ റിബെയിരോ പിതാവ് ക്ഷണിച്ചതനുസരിച്ച് എഫ്.എം.എം. സിസ്റ്റേഴ്സ് മട്ടാഞ്ചേരിയിലെത്തുകയും മുണ്ടംവേലി ഇടവകയിലെ മാനാശ്ശേരിയിലേയ്ക്ക് തങ്ങളുടെ സഭയുടെ കേരളത്തിലെ പ്രഥമ മഠസ്ഥാപനത്തിനായി യാത്ര തിരിക്കുകയും ചെയ്തു. 1915 ആഗസ്റ്റ് 6-ാം തിയതി ശുഭമുഹൂർത്തത്തിന് നാന്ദി കുറിച്ചുകൊണ്ട് സന്ധ്യാവന്ദനത്തിനുള്ള മണിനാദം മുഴങ്ങിക്കൊണ്ടിരുന്നപ്പോൾ, പടിഞ്ഞാറ് അസ്തമയ സൂര്യന്റെ അരുണകിരണങ്ങൾ ഈ സന്ന്യാസിനിമാർ സഞ്ചരിച്ചിരുന്ന കൊച്ചുവള്ളത്തിൽ തഴുകിനിന്നു.

മെല്ലെ മെല്ലെ മുന്നോട്ടു നീങ്ങിയ കൊച്ചുവള്ളം മാനാശ്ശേരിയിലെ കപ്പേളയുടെ മുന്നിൽ വന്നുനിന്നു. ഏതോ മഹാസംഭവത്തിനു തുടക്കം കുറിയ്ക്കുന്ന വികാരത്തോടും ആനന്ദത്തോടും കൂടി മദർ മൈക്കിളും, ആൽബർട്ടയും തോണിയിൽ നിന്നിറങ്ങി. എഡ്വേർഡിന്റെയും എലിസബത്തിന്റെയും ഭവനം കേരളത്തിലെ തങ്ങളുടെ മാതൃഭവനമയി തെരഞ്ഞെടുത്തു. ഈ കുടുംബത്തോടുള്ള ആദരസൂചകമായി ഈ സ്ഥലത്തിന് കാട്ടിപ്പറമ്പ്

എന്നു പേരിട്ടു. കോൺവെന്റിന്റെ ചരിത്രത്തിൽ സുവർണ്ണലിപികൾകൊണ്ട് ആലേഖനം ചെയ്ത സുന്ദരദിനമാണ് 1915 ആഗസ്റ്റ് 22. കന്യകാമറിയത്തിന്റെ വിമലഹൃദയത്തിരുനാളായ അന്ന് ഈ കന്യകാലയം പോർച്ചുഗലിലെ വി. എലിസബത്തിന് പ്രതിഷ്ഠിതമായി. സ്ഥലം ഉടമയായ മാഡം എലിസബത്തിനോടുള്ള നന്ദിയുടെയും, ബഹുമാനത്തിന്റെയും സൂചകമായാണ് ഈ വിശുദ്ധയുടെ നാമം ഈ മഠത്തിനു നല്കിയത്. മദർ ജെർമീന പ്രഥമ സുപ്പീരിയറായി ചാർജ്ജ് ഏറ്റെടുത്തു. കൂടെ നാല് സിസ്റ്റേഴ്സും അഞ്ച് അർത്ഥിനികളും ഉണ്ടായിരുന്നു. മഠത്തിന്റെ പ്രതിഷ്ഠയോടുകൂടി അതിന്റെ പ്രവർത്തന മണ്ഡലവും വിസ്തൃതമായി. സ്ത്രീശാക്തീകരണം ലക്ഷ്യമാക്കി ഒരു തയ്യൽ പരിശീലന കേന്ദ്രം സ്ഥാപിച്ചു. സെപ്തംബർ 1-ാം തിയതി ഫ്രാൻസിലെ വി. ഇസബെല്ലായുടെ തിരുനാൾ ദിനത്തിൽ അഞ്ച് പെൺകുട്ടികൾ രണ്ടു ഫ്രെയിമുകളോടുകൂടി സമാരംഭിച്ച ഈ പരിശീലനകേന്ദ്രത്തിൽ ഒരേ സമയം നാനൂറു പേർ വേല ചെയ്തിരുന്നു. 1916-ൽ ഈ സഹോദരിമാർ വി. യൗസേപ്പിതാവിന്റെ നാമത്തിൽ ഒരു വിദ്യാലയത്തിനു തുടക്കം കുറിച്ചു. പതിനെട്ട് പൈതങ്ങൾക്ക് അക്ഷരജ്ഞാനത്തിന്റെ ആദ്യപാഠങ്ങൾ നല്കികൊണ്ട് സ്ഥാപിതമായ ഈ വിദ്യാലയം ഇന്ന് ഓരോ വർഷവും എഴുന്നൂറോളം വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നല്കുന്ന ഒരു സ്ഥാപനമായി വളർന്ന് നാടിന്റെ മുഖഛായ മാറ്റി. ജനങ്ങളുടെ നാനാവിധമായ വളർച്ചലാക്കാക്കി സിസ്റ്റേഴ്സ് പ്രവർത്തിച്ചു. സാധുക്കൾക്ക് അന്നദാനവും, ഡിസ്പൻസറിയിലൂടെ മരുന്നുവിതരണവും ഭവനരഹിതരായ അശരണർക്ക് സാമ്പത്തിക സഹായവും തൊഴിൽ രഹിതർക്ക് തൊഴിൽ സാധ്യതകളും ഒരുക്കി ജനങ്ങളെ സഹായിച്ചു.

കാട്ടിപ്പറമ്പിൽ അങ്കുരിച്ച സ്നേഹസമൂഹത്തിൽ ആകൃഷ്ടരായി, അതിൽനിന്നും പ്രചോദനം ഉൾക്കൊണ്ട് അങ്ങ് അകലെ നിന്നും, അടുത്തുനിന്നും അർത്ഥിനികൾ ഓടിയെത്തി. അങ്ങിനെ ഇതൊരു നവസന്യാസിനീ പരിശീലനക്കളരിയായിത്തീരാൻ ദൈവം അവസരമൊരുക്കി. പില്ക്കാലത്ത് അനേകം യുവതീ





യുവാക്കളെ ക്രിസ്തുവിന്റെ മുന്തിരിത്തോട്ടത്തിലേയ്ക്ക് ആകർഷിക്കുന്നതിനും ഈ കോൺവെന്റിന് നല്ലൊരു പങ്കുണ്ട്. എഡ്വേർഡ് പണി കഴിപ്പിച്ച പഴയ ചാപ്പലിൽ ദിവ്യബലിക്ക് അണയുന്നവരുടെ സംഖ്യ ക്രമാതീതമായി വർദ്ധിച്ചപ്പോൾ ഒരു പുതിയ ദേവാലയം പണി കഴിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചു. മഠത്തിന്റെ പുനരുദ്ധാരണവും അതോടൊപ്പം ഒരു ദേവാലയവും നിർമ്മിക്കുക എന്ന ഉദ്ദേശ്യത്തോടെ പരി. സിംഹാസനത്തെ സമീപിക്കുവാനും ധനസമാഹരണം നടത്തുവാനും തീരുമാനിച്ചു. അങ്ങനെ മദർ മാർത്ത സിസിലിയ, ഡച്ചുകാരനായ ഫ്രാൻസിസ്കൻ വൈദികനായിരുന്ന റവ. ഫാ. വിൽബർട്ട് OFM, മദർ മരിയ ബ്ലെയ്സ് ഓഡ് (മദർ എവ്‌ലിൻ), സി. എമിൽഡ എന്നിവർ ഇതിനുവേണ്ടി സുധീരമായ കാൽവയ്പ് നടത്തുകയുണ്ടായി. റോമിൽനിന്നു ലഭ്യമായി സംഖ്യയെക്കാൾ കൂടുതലുണ്ടെങ്കിലേ നിർമ്മാണപ്രവർത്തനങ്ങൾ മുന്നേറൂ എന്നു മനസ്സിലാക്കിയ മദർ ഓഡും സഹപ്രവർത്തകരും നാനാവാതിലുകളും മുട്ടി. നാട്ടുകാരിൽനിന്നും മറ്റ് ഉദാരമതികളിൽനിന്നും സംഭാവനകൾ സ്വീകരിച്ചുകൊണ്ട്, നിതാന്ത പരിശ്രമത്തിന്റെ ഫലമായി ഇന്നത്തെ ദേവാലയം പണി കഴിപ്പിച്ചു. അതിനോടനുബന്ധിച്ച് തയ്യൽ പരിശീലന കേന്ദ്രം, കോൺവെന്റ് പുനരുദ്ധാരണം എന്നിവയുടെ നിർമ്മാണവും പൂർത്തിയാക്കി. 1966 ഒക്ടോബർ 21ന് അന്നത്തെ കൊച്ചി മെത്രാനായിരുന്ന റൈറ്റ് റവ. ഡോ. അലക്സാണ്ടർ എടേഴത്ത്, പുതിയ ദേവാലയം വി. ഫ്രാൻസിസ് അസീസിക്ക് പ്രതിഷ്ഠിച്ചുകൊണ്ട് ആശീർവ്വദിക്കുകയുണ്ടായി. 1961 മുതൽ 67 വരെ കരുവേലിപ്പടിയിലുള്ള ഫ്രാൻസിസ്കൻ ഫ്രയറിയിൽ നിന്നുള്ള ഫ്രാൻസിസ്കൻ വൈദികരായിരുന്നു ഇവിടെ ചാപ്ലിൻമാരായി സേവനമനുഷ്ഠിച്ചിരുന്നത്. ഡച്ചുകാരായിരുന്ന റവ. ഫാ. വിൽബർട്ട് OFM, റവ. ഫാ. സാന്റ്റുസ് OFM, തമിഴ്നാട്ടുകാരായിരുന്ന റവ. ഫാ. ഇഗ്നേഷ്യസ് OFM, മലയാളികളായിരുന്ന റവ. ഫാ. സെബാസ്റ്റ്യൻ വടശ്ശേരി, റവ. ഫാ. തോമസ് തണ്ണിക്കരി, റവ. ഫാ. ലോറൻസ്, റവ. ഫാ. ടൈറ്റസ് തുടങ്ങിയ

വരാണ് ഇവിടെ സേവനം ചെയ്ത ഫ്രാൻസിസ്കൻ ചാപ്ലിൻമാർ. റവ. ഫാ. തോമസ് പറത്തറ ചാപ്ലിൻ ആയി സേവന മനുഷ്ഠിക്കുമ്പോൾ ഇവിടെ ഒരിടവക രൂപീകരിക്കുന്നതിനെ ക്കുറിച്ചാലോചിക്കുവാൻ വിപുലമായ ഒരു യോഗം വിളിച്ചുകൂട്ടി. മുണ്ടംവേലി സെന്റ് ലൂയീസ് ഇടവകയോട് ഗാഢമായ ബന്ധം പുലർത്തിയിരുന്ന വലിയൊരു ജനവിഭാഗത്തിന് ഇവിടെ ഒരു സ്വതന്ത്ര ഇടവക രൂപീകരിക്കുന്ന കാര്യത്തിൽ ആദ്യകാലത്ത് അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. സന്ത്യപുണ്യാളൻ എന്നറിയപ്പെടുന്ന വി. യാക്കോബ് ശ്ലീഹയെ വിട്ടുപോരാൻ വലിയ പ്രയാസമായിരുന്നു. ഈ നിലയ്ക്ക് ഇടവക രൂപീകര ണവുമായി ബന്ധപ്പെട്ട പ്രാരംഭചർച്ചകളെല്ലാം പരാജയത്തിൽ കലാശിച്ചു. വീണ്ടും ഇടവകയെന്ന ആശയത്തിന് വ്യാപകമായ പിന്തുണ ലഭിക്കുക യും, അങ്ങനെ അഭിവന്ദ്യ ജോസഫ് കുരീത്തറ പിതാവ് രൂപത ഉപദേശക സമിതി, മുണ്ടംവേലി സെന്റ് ലൂയീസ് ഇടവക വികാരി, ഫ്രാൻസിസ്കൻ മിഷനറീസ് ഓഫ് മേരി സന്ന്യാസ സഭയുടെ പ്രൊവിൻഷ്യൻ, കാട്ടിപ്പറമ്പ് കോൺവെന്റ് സുപ്പീരിയർ, മുണ്ടംവേലി ഇടവക കൈക്കാരന്മാർ, ഇടവക പ്രതിനിധികൾ തുടങ്ങിയവരുമായി കൂടിയാലോചിച്ച് 1980 ജൂൺ 22-ാം തിയതി ഒരു സ്വതന്ത്ര ഇടവകയായി കാട്ടിപ്പറമ്പ് സെന്റ് ഫ്രാൻസിസ് അസീസി ദേവാലയത്തെ ഉയർത്തിക്കൊണ്ട്, പ്രഖ്യാപനം നടത്തി. റവ. ഫാ. തോമസ് പറത്തറയെ പ്രഥമ വികാരിയായി നിയമിക്കുകയും ചെയ്തു. മൃതസംസ്കാരത്തിന് മുണ്ടംവേലിപള്ളിയുടെ മാനാശ്ശേരിയിലുള്ള സെമിത്തേരിയെ ത്തന്നെ ആശ്രയിക്കേണ്ടി വന്നു. പ്രായോഗികമായ ഒത്തിരി മുട്ടുകൾ ഇക്കാര്യത്തിലുണ്ടായിരുന്നു. അങ്ങനെയിരിക്കെ പറത്തറയച്ചൻ മതബോധന ഡയറക്ടറായി സ്ഥലം മാറിപ്പോവു കയും ചെയ്തു.

പിന്നീട് കുറച്ചുകാലം റവ. ഫാ. ഡോമിനിക് ആലുവാപ്പറ മ്പിൽ വികാരിയായിരുന്നു. തുടർന്ന് അഭിവന്ദ്യ കുരീത്തറ പിതാവ് ഫ്രാൻസിസ്കൻ സഭാംഗങ്ങളെ ഇടവക വികാരിമാരായി നിയോഗിച്ചു. റവ. ഫാ. ടോം OFM വികാരിയായി ചുമതല





യേല്ക്കുകയും സെമിത്തേരി നിർമ്മാണത്തിനുവേണ്ടി ശ്രീ. അച്ചോ ജൂസേ തൈക്കൂട്ടത്തിൽ കൺവീനറായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. മഹാമനസ്കനായ ശ്രീ. ടി.എം. സേവ്യർ തൈക്കൂട്ടത്തിൽ തന്റെ 18 സെന്റ് (നിലം) ഈ ആവശ്യത്തിലേയ്ക്കായി ദാനമായി നല്കി. ടോമച്ചൻ സ്ഥലം മാറ്റം ലഭിച്ച് പോയതിനുശേഷം റവ. ഫാ. ജെയിംസ് കല്ലറയ്ക്കൽ OFM വികാരിയായി ചുമതയേല്ക്കുകയും സെമി ത്തേരി നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ജൂസേച്ചേട്ടന്റെ നേതൃത്വത്തിൽ ഏതാനും മാസങ്ങളുടെ ശ്രമഫലമായി സെമിത്തേരിക്കുവേണ്ടി വലിയ കേവുവള്ളത്തിൽ മാട്ടുമണ്ണ് നിറക്കുകയും ചെയ്തു. സെമിത്തേരിയുടെ ചുറ്റുമതിലും മറ്റു മുഴുവൻ പണികളും ഒറ്റദിവസം കൊണ്ടാണ് ചെയ്തത് എന്ന വസ്തുത വിശ്വസിക്കാനാവാത്ത അത്ഭുതമായി ഇന്നും നില നില്ക്കുന്നു. ഇടവകയിലെ ആബാലവൃദ്ധജനങ്ങളും അന്ന് ഞായറാഴ്ചദിവസം സ്ഥലത്തു സമ്മേളിക്കുകയും ഓരോരു ത്തരും തങ്ങളാലാവുന്ന ജോലി ചെയ്തുകൊണ്ട് എല്ലാ സാന്നിധ്യ സഹായസഹകരണങ്ങളും നല്കുകയുണ്ടായി. അങ്ങനെ ഇടവകയിലെ കൂട്ടായ്മയുടെ പ്രതീകമാണ് സെമിത്തേരിയെന്ന് നിസ്സംശയം പറയാൻ കഴിയും.

സെമിത്തേരിയുടെ ആശീർവ്വാദകർമ്മം നടത്തുവാൻ നിശ്ചയിച്ചിരുന്നത്, 1983 നവംബർ 6-ാം തിയതിയായിരുന്നു. നവംബർ 5-ാം തിയതി രാവിലെ 8.30ന് കൈതവേലി ജോസഫ് ഭാര്യ മേരി നിര്യാതയായി. അങ്ങനെ ആദ്യത്തെ ശവസംസ്കാര വും സെമിത്തേരിയുടെ വെഞ്ചിരിപ്പു കർമ്മവും അഭിവന്ദ്യ ജോസഫ് കുരീത്തറ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ 1983 നവംബർ 6-ാം തിയതി രാവിലെ 10 മണിക്ക് സെമിത്തേരിയിൽ വച്ചുനടന്ന സമൂഹബലിക്ക്ശേഷം നടത്തുകയുണ്ടായി. അന്നത്തെ കൊച്ചി രൂപതാ വികാരി ജനറൽ മോൺ. പോൾ കാട്ടിശ്ശേരിയുൾപ്പെടെ നിരവധി വൈദികരും സന്ന്യസ്തരും വൻ ജനാവലിയും ചടങ്ങിന് സാക്ഷ്യം വഹിച്ചു. പള്ളിയുടെ മുൻ ഭാഗത്ത് റോഡിന് പടിഞ്ഞാറ് ഇടവകയുടെ കുരിശടി സ്ഥാപിച്ചു.

റവ. ഫാ. തോമസ് പറത്തറ വീണ്ടും വികാരിയായി വന്ന തിനുശേഷം സെന്റ് ഫ്രാൻസിസ് അസീസി കൊമ്പ്രിയ സമൂഹം രൂപീകരിച്ചു. വിശുദ്ധന്റെ തിരുസ്വരൂപം ദേവാലയ ത്തിന്റെ പ്രവേശന കവാടത്തിനു മുകളിൽ മധ്യഭാഗത്തായി പ്രതിഷ്ഠിച്ചു. പിന്നീട് പരി. വ്യാകുലമാതാവിന്റെ ചരിത്രപ്രസിദ്ധ മായ തിരുസ്വരൂപം തെക്കോട്ടു ദർശനമായി മാറ്റി സ്ഥാപി ക്കുകയും ചെയ്തു. ആ വർഷം മുതൽ പരി. വ്യാകുലമാതാ വിന്റെ കൊമ്പ്രിയത്തിരുനാൾ ആരംഭിച്ചു. കൊമ്പ്രിയ സമൂഹം രൂപീകരിക്കുകയും ശനിയാഴ്ചതോറുമുള്ള നൊവേനയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തു. സെന്റ് ഫ്രാൻസിസ് അസീസി ഇടവക മരണധനസാഹയ ഫണ്ട് രൂപീകരിച്ചു റവ. ഫാ. ഫ്രാൻസിസ് നസ്രത്ത്. വിവാഹധനസഹായഫണ്ട് രൂപീകരിച്ചു. അത് ഇന്നും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഇക്കാലയളവിൽ ഉണ്ണിമിശിഹായുടെ തിരുസ്വരൂപം ദേവാലയത്തിന്റെ പ്രവേശന കവാടത്തിനരികിൽ മനോഹരമായി പ്രതിഷ്ഠിക്കുകയും വ്യാഴാഴ്ചകളിൽ ഉണ്ണിശോയോടുള്ള നൊവേന ആരംഭിക്കു കയും ചെയ്തു. സെമിത്തേരിയിൽ ഒരു കപ്പേള പണികഴിപ്പി ക്കുകയും 31.05.96-ൽ അതിന്റെ ആശീർവ്വാദം നടത്തുകയും ചെയ്തു.

ഇക്കാലഘട്ടത്തിൽ പള്ളിയുടെ തെക്ക് ഭാഗത്ത് നില നിന്നിരുന്ന പഴയ മേട പൊളിച്ചു നീക്കി, രണ്ടുനില കെട്ടിടം നിർമ്മിച്ച് താഴത്തെ നില പള്ളി ആവശ്യത്തിനും മുകളിലത്തെ നില വൈദികമന്ദിരമായും ഉപയോഗിക്കത്തക്കവിധത്തിലുള്ള നിർദ്ദേശം ശ്രീ. കെ.എം. സേവ്യർ, ശ്രീ. ടി.ജി. ഗാസ്പർ എന്നിവർ ഫ്രാങ്കോ അച്ചനെ അറിയിച്ചപ്പോൾ അച്ചന് അത് സ്വീകാര്യ മാവുകയും മൂവരുമൊരുമിച്ച് കുരീത്തറ പിതാവിനെക്കണ്ട് അവതരിപ്പിക്കുകയും ചെയ്തു. പിതാവിന്റെ ശുപാർശയോ ടൊപ്പം ഇന്റർന്യൂൺഷിയോ വഴി ഒരപേക്ഷ റോമിലേയ്ക്കയ ക്കുകയും ചെയ്തു. മൂന്നുമാസത്തിനുശേഷം 15000 ഡോളർ (ആറരലക്ഷം) പള്ളിയുടെ വികസനത്തിനുസഹായം അനുവദി ച്ചുകൊണ്ട് റോമിൽനിന്ന് അറിയിപ്പു വന്നു. ഫ്രാങ്കോ അച്ചൻ





സ്ഥലംമാറ്റം കിട്ടിപ്പോവുകയും ഫാ. ജോബ് തൈക്കാളമുറി ചുമതലയേല്ക്കുകയും ചെയ്തു. തുടർന്ന് നിർമ്മാണപ്രവർത്ത നങ്ങൾക്കുവേണ്ടി നിർബന്ധപ്പിരിവ് ഏർപ്പെടുത്തുകയും, രൂപത യുടെ ധനസഹായത്തോടുകൂടി മേട നിർമ്മാണം പൂർത്തീ കരിക്കുകയും 2003-ൽ അഭിവന്ദ്യ ജോൺ തട്ടുങ്കൽ പിതാവ് ഇതിന്റെ ആശീർവ്വാദകർമ്മം നിർവ്വഹിക്കുകയും ചെയ്തു. തുടർന്ന് റവ. ഫാ. അലക്സ് കണ്ണികാട്ട് വികാരിയായി ചുമതല യേറ്റു. അച്ചന്റെ സ്നേഹമസൃണമായ സമീപനവും പ്രസരിപ്പും സഹായമനഃസ്ഥിതിയും ജനഹൃദയങ്ങളെ കീഴടക്കി. ഇടവക സമൂഹത്തിൽനിന്ന് ഇതിനകം അകന്നുനിന്നിരുന്ന എല്ലാവ രെയും ഇടവകയുടെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വന്നു വിദ്യാഭ്യാസരംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുവാനുള്ള അച്ചന്റെ ശ്രമങ്ങൾ ശ്ലാഘനീയമായിരുന്നു. കടൽക്ഷോഭംമൂലം വിഷമവൃത്തത്തിലായിരുന്ന ഇടവക ജനങ്ങളിൽ ദൈവാശ്രയ ബോധവും പ്രത്യാശയും പകർന്നുകൊണ്ട് അച്ചൻ മുൻ കയ്യെടുത്ത് കൊച്ചിൻ സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്ന് സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്തു. ജനങ്ങളുടെ അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരഹിരിക്കുന്നതിനുവേണ്ടി ഇടവകയിലെ ഇരുപത്തിയഞ്ച് കുടുംബയൂണിറ്റുകളിലും മഴ വെള്ളസംഭരണികൾ അച്ചന്റെ ശ്രമഫലമായി ലഭ്യമാക്കി.

ഇടവകയിലെ കുടുംബയൂണിറ്റുകളുടെ കേന്ദ്രസമിതി പുനഃ സംഘടിപ്പിക്കുകയും മറ്റെല്ലാ സംഘടനകളെയും പുനരുജ്ജീ വിപ്പിക്കുകയും ചെയ്തു. അച്ചന്റെ ഊർജ്ജസ്വലമായ നേതൃത്വ മാണ് ഇടവകയുടെ രജതജൂബിലിയാഘോഷങ്ങൾ വർണാഭ മാക്കി തീർത്തത്. 2004 ജൂൺ 20-ാം തിയതി അന്നത്തെ വികാരി ജനറൽ മോൺ. ജോസഫ് കരിയിലിന്റെ മുഖ്യകാർമ്മികത്വ ത്തിൽ സമാരംഭിച്ച ജൂബിലിയാഘോഷപരിപാടികൾ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ഓരോ മാസവും കർമ്മനിരത മാക്കി മാറ്റുകയും ചെയ്തു. 2005 മെയ് 15-ാം തിയതി 25 വൈദിക രുടെ കാർമ്മികത്വത്തിൽ നടന്ന കൃതജ്ഞതാ സ്തോത്രബലി യിൽ വികാരി ജനറൽ റവ. മോൺ. പീറ്റർ തൈക്കൂട്ടത്തിൽ

മുഖ്യകാർമ്മികനായിരുന്നു. സ്ക്കൂൾ അങ്കണത്തിൽ നടന്ന ജൂബിലി സമാപനപൊതുസമ്മേളനം മന്ത്രി ഡോമിനിക്ക് പ്രസന്റേഷൻ ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി മോൺ. ജോസഫ് പുത്തംപറമ്പിൽ അധ്യക്ഷനായിരുന്നു. ശ്രീ. സെബാസ്റ്റ്യൻ പോൾ എം.പി. ജൂബിലി സ്മരണിക പ്രകാശനം ചെയ്തു. തുടർന്ന് ഇടവകയിലെ 25 കലാകാരന്മാരുടെ നേതൃത്വത്തിൽ 25 വർഷത്തെ ചരിത്രത്തെ ആസ്പദമാക്കി നൃത്തബാലേ അരങ്ങേറി. ജൂബിലിയാഘോഷപരിപാടികൾ ഇടവകയില ങ്ങോളമിങ്ങോളം പുത്തനുണർവ് പ്രദാനം ചെയ്തു.

പള്ളിയുടെ സ്ഥലപരിമിതി പരിഗണിച്ച് മുൻ ഭാഗത്തുള്ള സ്ഥലം ശ്രീ. ജോൺ തറേപ്പറമ്പിലിൽനിന്ന് പിതാവിന്റെ അനുമതിയോടുകൂടി വാങ്ങുകയും 2005 ഏപ്രിൽ 11ന് അഭിവന്ദ്യ പിതാവ് പാരിഷ് ഹാളിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹി ക്കുകയും ചെയ്തു. പുതുതായി വാങ്ങിയ സ്ഥലം മതിൽകെട്ടി തിരിക്കുകയും മനോഹരമായ ഒരു ഗേറ്റ് നിർമ്മിക്കുകയും ഇരുവശങ്ങളിലുമായി വി. ഫ്രാൻസിസിന്റെയും വി. യൂദാതദേവൂസിന്റെയും തിരുസ്വരൂപങ്ങൾ പ്രതിഷ്ഠിക്കുകയും ചെയ്തു. മേടയുടെ മുൻവശത്തായി ഫാത്തിമാമാതാവിന്റെ ഗ്രോട്ടോ അന ഛാദനം ചെയ്തു. സെമിത്തേരിയിൽ കുഴികൾ കോൺക്രീറ്റ് ചെയ്ത് സുരക്ഷിതമാക്കി. സെമിത്തേരിയുടെ സമീപത്തായിട്ട് വി. യൂദാതദേവൂസിന്റെ തിരുസ്വരൂപം സ്ഥാപിക്കുന്നതിനുള്ള നിർമ്മാണപ്രവർത്തനങ്ങൾ ഏതാണ്ടു പൂർത്തിയായി. സെമി ത്തേരിയിലെ കപ്പേളയിലേയ്ക്ക് വൈദ്യുതി ലഭിക്കുന്നതിനുള്ള ശ്രമവും നടത്തുന്നുണ്ട്. അലക്സ് അച്ചൻ മതബോധനരംഗം കൂടുതൽ കാര്യക്ഷമമാക്കിയതിന്റെ ഉത്തമ ദൃഷ്ടാന്തമാണ്, ഈ ഇടവകയിലെ സൺഡേ സ്കൂൾ രൂപതാതലത്തിൽ A ഗ്രേഡിന് അർഹമായി എന്നത്. രൂപതയുടെ ജൂബിലിയാഘോഷത്തട നുബന്ധിച്ച് നിർധനരായ 10 യുവതികളുടെ വിവാഹം നടത്തുവാനും മൂന്നു വീടുകൾ നിർമ്മിച്ച് നല്കുവാനും തീരുമാനിച്ചു. ഇടവകയിലെ വേളാങ്കണ്ണിമാതാവിന്റെ നാമധേയത്തിലുള്ള കപ്പേള പുതുതായി നിർമ്മിക്കുകയും മാതാവിന്റെ നൊവേന





ആരംഭിക്കുകയും വർഷം തോറുമുള്ള തിരുനാൾ ആഘോഷ ങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. വെഞ്ചരിപ്പ് കർമ്മവും പ്രഥമദിവ്യബലിയും കൊച്ചി രൂപതാ വികാരി ജന റൽ മോൺ. പീറ്റർ തൈക്കൂട്ടത്തിലിന്റെ മുഖ്യകാർമ്മികത്വ ത്തിൽ നടത്തി. കൂടാതെ കളത്തറ സെന്റ് ജേക്കബ്സ് ചാപ്പൽ, ബസ് സ്റ്റോപ്പിനു സമീപമുള്ള ചാപ്പൽ എന്നിവയുടെ പുനർനിർമ്മാണവും ഇക്കാലയളവിൽ നടത്തുകയുണ്ടായി.

പരമദരിദ്രനായി ജീവിച്ച അസീസിയിലെ വി. ഫ്രാൻസി സിന്റെ നാമധേയത്തിലുള്ള ഈ ഇടവകയും സാമ്പത്തിക മായി വളരെ പിന്നിലാണെങ്കിലും സമ്പന്നമായ ഇടവകകളെ ക്കാൾ മികവു തെളിയിച്ചുകൊണ്ട് മുന്നേറുവാൻ ദൈവം ഈ ഇടവകാ സമൂഹത്തെ കാത്തുപരിപാലിച്ചുപോരുന്നു.

**ഇവിടെ സേവനം അനിഷ്ഠിച്ച ചാപ്ലിന്മാർ**

| | | |
|---|---|---|
| 1. | റവ. ഫാ. മത്തായി മരക്കാട്ട് | – 1895 |
| 2. | റൈറ്റ് റവ. മോൺ. ജാക്സൻ | – 1926 |
| 3. | റവ. ഫാ. വർക്കി | – |
| 4. | റൈറ്റ് റവ. മോൺ. മൈക്കിൾ കടവിപ്പറമ്പിൽ | – 1928 |
| 5. | റവ. ഫാ. സ്റ്റീഫൻ പാണാശ്ശേരി | – |
| 6. | റവ. ഫാ. ഗൊൺസാൽവസ് | – 1940 |
| 7. | റവ. ഫാ. അബ്രാഹം കുന്നേൽ | – 1952 |
| 8. | റവ. ഫാ. മാനുവൽ അറക്കൽ | – 1957 |
| 9. | റവ. ഫാ. മാത്യു കോതകത്ത് | – |
| 10. | റവ. ഫാ. ജോസഫ് കുരീത്തറ | – 1958 ഏപ്രിൽ 6 |
| 11. | റവ. ഫാ. ഫ്രാൻസിസ് സേവ്യർ ഈരവേലി | – 1958 ജൂൺ 6 |
| 12. | റവ. ഫാ. അമ്പ്രോസ് OCD | |
| 13. | ഫ്രാൻസിസ്കൻ വൈദികർ | |
| 14. | റവ. ഫാ. ജെയ്ക്കബ് മാവുങ്കൽ | – 1968 ജനുവരി 17 |
| 15. | റവ. ഫാ. വിക്ടർ മാരാപറമ്പിൽ | – 1977 ഏപ്രിൽ 17 |
| 16. | റവ. ഫാ. മാത്യു അഴീക്കൽ | – 1978 ഏപ്രിൽ 12 |
| 17. | റവ. ഫാ. തോമസ് പറത്തറ | – 1978 ഏപ്രിൽ 19 |

## ഇവിടെ സേവനമനുഷ്ഠിച്ച ഫ്രാൻസിസ്കൻ വൈദികർ

1. റവ. ഫാ. സാങ്റ്റസ് OFM (ഹോളണ്ട്)
2. റവ. ഫാ. വിൽബർട്ട് OFM (ഹോളണ്ട്)
3. റവ. ഫാ. തോമസ് തണ്ണിക്കരി OFM
4. റവ. ഫാ. ഇഗ്നേഷ്യസ് OFM (തമിഴ് നാട്)
5. റവ. ഫാ. ജോർജ്ജ് മുത്തയ്യ OFM (തമിഴ് നാട്)
6. റവ. ഫാ. സെബാസ്റ്റ്യൻ വടശ്ശേരി OFM
7. റവ. ഫാ. ലോറൻസ് OFM
8. റവ. ഫാ. ടോം OFM
9. റവ. ഫാ. ടൈറ്റസ് മൈപ്പാൻ OFM
10. റവ. ഫാ. ജെയിംസ് കല്ലറക്കൽ OFM

## ഇടവക വികാരിമാർ

| | | | | |
|---|---|---|---|---|
| 1. | റവ. ഫാ. തോമസ് പറത്തറ | 22.6.80 | - | 24.4.81 |
| | | 15.2.86 | - | 23.2.88 |
| 2. | റവ. ഫാ. ഡോമിനിക് ആലുവാപ്പറമ്പിൽ | | | |
| | | 24.4.81 | - | 12.11.81 |
| 3. | റവ. ഫാ. ടോം OFM | 12.11.81 | - | 10.05.83 |
| 4. | റവ. ഫാ. ജെയിംസ് കല്ലറക്കൽ OFM | | | |
| | | 10.5.83 | - | 11.11.83 |
| 5. | റവ. ഫാ. ജോൺ മണക്കാട് | 11.11.83 | - | 15.2.87 |
| 6. | റവ. ഫാ. ജെയ്ക്കബ് പീടിയേക്കൽ | | | |
| | | 23.2.88 | - | 20.1.93 |
| 7. | റവ. ഫാ. ഫ്രാൻസിസ് ഡി നാസ്രത്ത് | | | |
| | | 20.1.93 | - | 14.5.98 |
| 8. | റവ. ഫാ. ജോബ് തൈക്കളമുറി | 14.5.98 | - | 16.2.03 |
| 9. | റവ. ഫാ. അലക്സ് കണ്ണിക്കാട്ട് | 16.2.2003 | | |





## ഇടവകയിൽനിന്നുള്ള വൈദികർ

1. റവ. ഡോ. ജെയിംസ് തൈക്കൂട്ടത്തിൽ
2. റവ. ഡോ. ക്ലിഫോർഡ് മാവുങ്കൽ OCD
3. റവ. ഫാ. സേവ്യർ ചിറമേൽ
4. റവ. ഫാ. ജോഷി മാക്കിയിൽ OCD
5. റവ. ഫാ. ജെറി ജോർജ്ജ് OCD

ഇടവകയിൽനിന്നുള്ള സിസ്റ്റേഴ്സ് : 36

## ഇടവകയിലെ സംഘടനകൾ

1. സെന്റ് ഫ്രാൻസിസ് അസീസി കൊമ്പ്രിയ സമൂഹം
2. പരി. വ്യാകുലമാതാവിൻ കൊമ്പ്രിയ സമൂഹം
3. ഫ്രാൻസിസ്കൻ മൂന്നാം സഭ
4. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

I സെന്റ് മാർട്ടിൻ ഡി പോറസ് കോൺഫ്രൻസ്

II സെന്റ് എലിസബത്ത് കോൺഫ്രൻസ്

5. ലീജ്യൻ ഓഫ് മേരി
6. ലിറ്റിൽവേ അസോസിയേഷൻ
7. കെ.സി.വൈ.എം.
8. കെ.എൽ.സി.എ.
9. കെ.എൽ.എം.
10. വൈഡ്സ്
11. കെ.സി.ബി.സി. മദ്യവിരുദ്ധസമിതി
12. സെന്റ് ഫ്രാൻസിസ് അസീസി മരണധനസഹായ ഫണ്ട്
13. സെന്റ് ഫ്രാൻസിസ് അസീസി വിവാഹധനസഹായഫണ്ട്
14. അൾത്താര ശുശ്രൂഷകർ
15. തിരുബാലസഖ്യം
16. സൺഡേസ്കൂൾ ❐

# MONTHLY RECOLLECTIONS - 2008

**LP/14/2007**

Dear Rev. Msgr. /Fr.

Please note the dates of the Monthly Recollections, Annual Retreat and ongoing formation of priests of the Year 2008.

**Monthly Recollections :**

**January 2 (Forane Level)** - Theme: "But he would go off to some deserted place and pray" (Lk. 5,16) - Personal payer, the soul of priestly ministry.

**February 7 (Bishop's House)** - Theme : "Look, I am sending you out like sheep among wolves" (Mt. 10, 16) - Challenges of Ecclesial Ministry Today.

Preacher : Rev. Dr Adappur S.J.

**March 5 (Forane Level)** - Theme : "As long as there are jealousy and rivalry among you, that surely means that you are still living by your natural inclinations and by merely human principles" (1 Cor. 3,3) : Suggestions to improve the Presbyterial unity.

**April 2 (Bishop's House)** - Theme : "And if you had understood the meaning of the words : Mercy is what pleases me, not sacrifice, you would not have condemned the blameless" (Mt. 12, 7) : Priest, the minister of God's Compassion.

Preacher : Rev Dr Jose Navez

**May 7 (Forane Level)** - Theme : "And all who shared the faith owned everything in common" (Acts 2, 44)- Participation of the people in the parish activities.

**June 4 (Bishop's House)** - Theme : "And at once, leaving the boat and their father, they followed him" (Mt. 4, 22) - Cost of Discipleship.

Preacher : Rev. Dr. Sebastian Panjikkaran





**July 2 (Forane Level)** - Theme : "Since in Christ Jesus it is not being circumcised or being uncircumcised that can effect anything - only faith working through love" (Gal. 5, 6)- Parish and its relation with other Christians.

**October 1 (Bishop's House)** - Theme : "For I tell you, if your uprightness does not surpass that of the scribes and Pharisees, you will never get into the kingdom of Heaven" (Mt. 5, 20) : Social Justice and the Church ministry.

Preacher : Rev. Fr. Adv. Xavier Kudiamcherry

**November 5 (Forane Level)** - Theme : "Whoever does what is right is from God" (3 Jn. 1, 11) - Parish and its relation with followers of other religions.

**December 3 (Bishop's House)** - Theme : "But when they had gone away, they talked about him all over the countryside" (Mt. 9, 31) : Proclamation of Christ and the Priest.

Preacher : Rev. Dr. Bosco Puthur

**Ongoing formation of Priests**

**July 29, 30 & 31**

**Annual Retreat**

**September : 7-13 -** First Batch

**14 - 20 -** Second Batch

Preacher : Rev. Dr Hormise Thottakara

Fr Francis Kurisinkal
Chancellor

## ജൂബിലിവർഷ പരിപാടികൾ - ജനുവരി

**രൂപത തലം**

12 - കലാകാരന്മാരുടെ സംഗമം
26 - വൈദിക - സന്ന്യസ്തസംഗമം
27 - തിരുപ്പട്ടദാനം
31 - വാസ്കോ ഡി ഗാമ ചരിത്രഗവേഷണ കേന്ദ്രം ആശീർവ്വാദം

**ജൂബിലിവർഷ സമാപനം ഫൊറോനകളിൽ ***

| തിയതി | സമയം | ഫൊറോന | സ്ഥലം |
|---|---|---|---|
| 6 | 4.00 p.m. | II | സെന്റ് ആന്റണീസ് കണ്ണമാലി |
| 12 | 6.00 p.m. | III | സാന്റാക്രൂസ്, പെരുമ്പടപ്പ് |
| 13 | 3.00 p.m. | I | സാന്റാക്രൂസ് ബസിലിക്ക ഫോർട്ടുകൊച്ചി |
| 13 | 3.00 p.m. | VI | സെന്റ് മേരീസ്, തങ്കി |
| 13 | 4.00 p.m. | V | സെന്റ് അഗസ്റ്റിൻസ്, അരൂർ |
| 18 | 5.30 p.m. | IV | സെന്റ് പീറ്റേഴ്സ്, കുമ്പളങ്ങി |

* ഫൊറോനകളിൽ നടക്കുന്ന ജൂബിലി വർഷ സമാപനപരിപാടികളിൽ പങ്കെടുക്കുന്നവർക്ക്, പതിവിൽ വ്യവസ്ഥകൾ പ്രകാരം (കൂദാശപരമായ കുമ്പസാരം, ദിവ്യകാരുണ്യ സ്വീകരണം, പരിശുദ്ധ പിതാവിന്റെ നിയോഗപ്രകാരം നടത്തുന്ന പ്രാർത്ഥന) പൂർണ്ണദണ്ഡവിമോചനം ലഭിക്കുന്നതാണ് (Port. N. 23/07/1)





# രൂപതാ വാർത്തകൾ

## അഭിനന്ദനങ്ങൾ...

ഡിസംബർ 9-ാം തിയതി എറണാകുളം മറൈൻ ഡ്രൈവിൽ നടന്ന സമുദായ മഹാസംഗമത്തിൽ വച്ച്, സമുദായത്തിന് നല്കുന്ന സേവനങ്ങളെ പരിഗണിച്ച് സി.എസ്.എസ്. നല്കിയ അവാർഡിന് അർഹരായ റവ. ഫാ. തമ്പി തൈക്കൂട്ടത്തിൽ, റവ. സി. മേരി ഈശി വടക്കേവീട്ടിൽ, റവ. സി. ലിസി ചാലാവീട്ടിൽ, ശ്രീ. പ്രദീപ് ലോറൻസ് കുട്ടത്തിപ്പറമ്പിൽ, കുമാരി സോജ ലൂയീസ് തൈക്കൂട്ടത്തിൽ എന്നിവർക്ക് അഭിനന്ദനങ്ങൾ നേരുന്നു.

## ക്രിസ്തുമസ് സംഗമം നടത്തി

ക്രിസ്തുമസിന്റെ സന്തോഷവും സമാധാനവും പങ്കുവയ്ക്കുന്നതിനുവേണ്ടി ഡിസംബർ 22-ാം തിയതി ക്രിസ്തുമസ് സംഗമം ഫോർട്ടുകൊച്ചി മെത്രാസനമന്ദിരത്തിൽ വച്ച് നടന്നു. രാവിലെ ബഹു. വൈദീകരും സിസ്റ്റേഴ്സും അഭിവന്ദ്യ പിതാവിനോടൊത്ത് ക്രിസ്തുമസ് ആഘോഷത്തിന് ഒത്തുചേർന്നപ്പോൾ, വൈകുന്നേരം രൂപതയിലെ അല്മായ നേതാക്കളാണ് പിതാവിന്റെ പക്കൽ എത്തിയത്. പങ്കെടുത്ത ഏവർക്കും ഹൃദ്യമായ അനുഭവമായിരുന്നു സംഗമം പ്രദാനം ചെയ്തത്.

## സമുദായ ശാക്തീകരണം ഇന്നിന്റെ ആവശ്യം

സമുദായത്തിന്റെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും സമുദായത്തോടുള്ള അവഗണനയ്ക്കെതിരെ പ്രതികരിക്കേണ്ടതിനും സമുദായശാക്തീകരണം ആവശ്യമാണെന്ന് കൊച്ചി ബിഷപ്പ് ഡോ. ജോൺ തട്ടുങ്കൽ പ്രസ്താവിച്ചു. ലത്തീൻ കത്തോലിക്കാ ദിനാചരണത്തോടനുബന്ധിച്ച് കൊച്ചി രൂപതാ സമുദായകാര്യാലയം സംഘടിപ്പിച്ച നേതൃസംഗമവും അവകാശ പ്രഖ്യാപനസമ്മേളനവും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചും

സമുദായനേതൃനിരയെ ശക്തിപ്പെടുത്തിയും വളർച്ചയുണ്ടാക്കണമെന്നും, ക്രൈസ്തവസമൂഹത്തിനെതിരെ വിദ്യാഭ്യാസ - സാമൂഹ്യരംഗങ്ങളിൽ പ്രത്യക്ഷമായും പരോക്ഷമായും നടക്കുന്ന ആക്രമണങ്ങൾക്കെതിരെ പ്രതികരിക്കുവാൻ സമുദായം ഒറ്റക്കെട്ടായി നിലകൊള്ളണമെന്നും അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തു.

സമുദായകാര്യാലയം വക്താവ് അഡ്വ. ജോസി സേവ്യർ പതിന്നാലിന പരിപാടികൾ അടങ്ങിയ അവകാശപ്രഖ്യാപന രേഖ അവതരിപ്പിച്ചു. വൈദികരും, സിസ്റ്റേഴ്സും, രൂപതയിലെ എല്ലാ ഇടവകകളിലും പ്രവർത്തിക്കുന്ന വിവിധ അൽമായ സംഘടനാ നേതാക്കാളും ഉൾപ്പെട്ട ആയിരത്തോളം വരുന്ന പ്രതിനിധികൾ ഈ പ്രഖ്യാപനം അംഗീകരിക്കുകയും ഇതിന്റെ വിജയത്തിനായി പ്രയത്നിക്കുമെന്ന് പ്രതിജ്ഞ ചെയ്യുകയുമുണ്ടായി. വെരി. റവ. ഡോ. ജോസി കണ്ടനാട്ടുതറ അദ്ധ്യക്ഷം വഹിച്ചു. കാര്യാലയം സെക്രട്ടറി അഡ്വ. തോമസ് ആൻഡ്രൂസ് സ്വാഗതവും, കെ.എൽ.സി.എ. രൂപതാ പ്രസിഡന്റ് നെൽസൻ കോച്ചേരി ആശംസയും, സി.എസ്.എസ്. ജനറൽ സെക്രട്ടറി ഡിലൈറ്റ് പോൾ നന്ദിയും പറഞ്ഞു. ഫാ. ടോമി ചമ്പക്കാട്ടിന്റെ നേതൃത്വത്തിൽ കെ.എക്സ്. ആന്റണി, അഡ്വ. ജിമ്മി ജോർജ്ജ്, ജോബ് തോട്ടുകടവിൽ എന്നിവരടങ്ങിയ ടീം അവകാശ പ്രഖ്യാപനരേഖ പവർ പോയിന്റ് സംവിധാനത്തോടെ പ്രസിദ്ധപ്പെടുത്തി.

കെ.ആർ.എൽ.സി.സി അൽമായ കമ്മീഷൻ സെക്രട്ടറി ഫാ. പയസ് ആറാട്ടുകുളം "സമുദായ ശാക്തീകരണവും നേതൃത്വവും" എന്ന വിഷയത്തിൽ ബോധവർക്കരണ ക്ലാസ് നയിച്ചു. ഈ സെഷനിൽ വികാരി ജനറൽ മോൺ. പീറ്റർ തൈക്കൂട്ടത്തിൽ അദ്ധ്യക്ഷം വഹിച്ചു. കെ.എൽ.എം. പ്രതിനിധി ഡർസൻ ആന്റണി സ്വാഗതവും, വൈഡ്സ് പ്രതിനിധി സെലിൻ പീറ്റർ നന്ദിയും പറഞ്ഞു. കാര്യാലയം ഡയറക്ടർ ഫാ. ജോയി ചക്കാലക്കൽ, കെ.സി.വൈ.എം. ഡയറക്ടർ ഫാ. സെബാസ്റ്റിൻ പുത്തൻപുരക്കൽ, കെ.എൽ.സി.എ. പ്രതിനിധി ജോളി പവേലിൽ എന്നിവരും പ്രസംഗിച്ചു. രൂപതയിലെ 30-ൽപരം വരുന്ന അൽമായ സംഘടനകളുടെ പ്രസിഡണ്ടുമാർ അദ്ധ്യക്ഷവേദിയിൽ സന്നിഹിതരായത് സമുദായ ഐക്യത്തിന്റെ വലിയ ഒരു പ്രതീകമായിരുന്നു.





## BISHOP'S ENGAGEMENTS IN JANUARY - 2008

| DATE | TIME | VENUE | PURPOSE |
|---|---|---|---|
| 01 Tue | 10.00 a.m. | Aroor | Feast Mass |
| 02 Wed | Full Day | Manjaly | Monthly Recollection (F)<br>Pastoral Visit at St. Paul's Seminary |
| 03 Thu | 09.00 a.m.<br>04.00 p.m.<br>07.00 p.m. | Bishop's House<br>Ernakulam<br>Bishop's House | Meeting People<br>Jeevanaadam Board Meet<br>Samudayakariyalam Meet |
| 04 Fri | 11.00 a.m.<br>06.00 p.m. | Mattancherry<br>Maruvacad | Blessing of the reconstd. Holy Cross Chapel/Mass<br>Flag Hoisting - Mass at Perpetual Help Chapel |
| 05 Sat | 03.00 p.m.<br>05.30 p.m. | Eramalloore<br>Ezhupunna | Mass - 25 years of St. Joseph's Convent<br>Feast Mass - Holy Family at St. Raphael's |
| 06 Sun | 10.00 a.m.<br>12.00 Noon<br>04.00 p.m. | Perumpadappu | Mass - Feast - Santa Cruz<br>Christeen gathering Mass<br>Religious Meet of Anti-Liquor team |
| 07 Mon | 11.30 a.m.<br>03.30 p.m.<br>07.00 p.m. | Basilica<br>Perumpadappu<br>APC | Blessing of Marriage<br>Fatima Hospital Board Meet<br>KLM Priests Meet - Inauguration |
| 08 Tue | 08.00 a.m.<br>12.00 noon<br>06.00 p.m. | Aluva<br>APC<br>Bishop's House | Class at Carmelgiri<br>KLM Priests Meet (Interaction Session)<br>Core Group Meet |

| | | | |
|---|---|---|---|
| 09 Wed | 09.30 a.m.<br>06.30 p.m. | Fort Ccchin<br>Kumbalanghy | Star Search at St. Paul's School - Inauguration<br>Bible Convention - St. Peter's |
| 10 Thu | 03.30 p.m.<br>04.30 p.m. | Ernakulam<br>Fort Cochin | Jeevanaadam Board Meet<br>School Anniversary - St. Paul's |
| 11 Fri | 10.30 a.m. | Ashirbavan | KRLCC - GBM |
| 12 Sat | <br>04.00 p.m. | Ashirbhavan<br>APC | KRLCC - GBM<br>Artists' Meet |
| 13 Sun | 07.00 a.m.<br>07.30 a.m.<br>04.00 p.m. | Kumbalam<br>Kumbalam | CML-Francis Xavier's Relic starts from Kumbalam Seminary<br>Pastoral Visit - Seminary<br>Jubilee Conclusion - Forane Level |
| 14 Mon | 11.00 a.m.<br>03.00 p.m. | Chirakal<br>Perumpadappu | Mass - Silver Jubilee of Sr. Sophy<br>Fatima Hospital Board Meet |
| 15 Tue | 08.00 a.m. | Aluva | Class at Carmelgiri |
| 16 Wed | 10.00 a.m.<br>03.30 p.m. | Bishop's House<br>Bishop's House | Vasco da Gama Research Centre Meeting<br>Coodination Committee |
| 17 Thu | 04.00 p.m. | Ernakulam | Jeevanaadam Board Meet |
| 18 Fri | 07.00 a.m. | Cheriyakadavu | Pastoral Visit at PMI Seminary |
| 19 Sat | 04.30 p.m.<br>07.00 p.m. | Eramallore<br>Kumbalanghy | Santa Cruz Public School Anniversary<br>Flag Hoisting - Mass at St. Peter's Feast |
| 20 Sun | 10.30 a.m.<br>03.30 p.m. | Kannankunneth<br>Chellanam | Marriage Blessing at Monastery Chapel<br>Feast Mass at St. Sebastian's |





| | | | |
|---|---|---|---|
| 21 Mon | 03.00 p.m.<br>05.30 p.m. | Poomkavu<br>Perumpadappu | 25th School Anniversary<br>Fatima Hospital Board Meet |
| 22 Tue | 08.00 a.m.<br>06.00 p.m. | Aluva<br>San Thome | Class at Carmelgiri<br>Mass |
| 23 Wed | 10.30 a.m. | Aluva | Seminary Commission |
| 24 Thu | <br>03.30 p.m.<br>05.45 p.m. | Aluva<br>Ernakulam<br>Nazareth | Seminary Commission<br>Jeevanaadam Board Meet<br>Flag Hoisting - Mass at St. Jacob's |
| 25 Fri | 10.00 a.m.<br>05.00 p.m. | Thoppumpady<br>Poomkavu | College Day - St. Joseph's College<br>Blessing of the renovated Church |
| 26 Sat | 09.00 a.m.<br>11.00 a.m.<br>04.00 p.m. | APC<br>APC<br>APC | Jubilee Gathering of NRIs - Priests and Religious<br>Mass<br>Concluding Message |
| 27 Sun | 10.30 a.m.<br>03.00 p.m. | Ernakulam<br>Thankey | Marriage - Assisi Cathedral<br>Ordination |
| 28 Mon | 12.00 noon<br>04.00 p.m. | Chellanam<br>Perumpadappu | Marriage Blessing<br>Fatima Hospital Board Meet |
| 29 Tue | 08.00 a.m. | Aluva | Class at Carmelgiri |
| 30 Wed | 10.00 a.m. | Bishop's House | Consultors Meet |
| 31 Thu | 03.00 p.m.<br>04.30 p.m.<br>05.30 p.m.<br>07.00 p.m. | Ernakulam<br>Palluruthy<br>Fort Cochin<br>Bishop's House | Jeevanaadam Board Meet<br>School Anniversary - St. Dominic's<br>Blessing of Vasco da Gama Research Institute of Cochin<br>Samudaya Kariyalayam |

## FROM THE BISHOP'S DIARY

**DECEMBER 2007**

| Date | Time | Purpose |
|---|---|---|
| 4th Tue | 03.00 p.m. | Funeral of Fr. John Manakatt |
| 9th Sun | 08.30 a.m. | Sr. Mary Sebastian + others |
| 11th Tue | 10.30 a.m. | 7th of Fr. John Manakatt - Mass |
| 13th Thu | 10.00 a.m.<br>04.00 p.m. | Funeral of Fr. Antony Ettungal's Mother<br>Funeral of Fr. Maxson's Mother at San Thome |
| 14th Fri | 04.00 p.m.<br>04.00 p.m. | Fatima Hospital Board Meeting<br>X'mas Celebration |
| 20th Thu | 10.00 a.m. | Fishermen Leaders with KLM Meet at B.H. |
| 21st Fri | 12.30 p.m. | Lunch with Jesus Youth from N. India |
| 23rd Sun | 05.30 p.m. | Mass - blessing of the new altar at St. Joseph's Vallethode |
| 25th Tue | 12.00 noon | X'mas gathering at Settlement, Palluruthy |
| 26th Wed | 09.00 a.m. | Inauguration at S. Chellanam (St. George's) |





## MONTHLY RECOLLECTION FOR PRIESTS

**(AT FORANE LEVEL)**

**Date : 02/01/2008**

**Theme : "But he would go off to some deserted place and pray" (Lk. 5, 16) - Personal prayer, the soul of priestly ministry.**

## പ്രീ–കാന കോഴ്സ്

**2008 ജനുവരി**

**3, 4, 5, 6 & 17, 18, 19, 20**

**തിയതികളിൽ**



# പിന്നാമ്പുറം

## സ്നേഹിക്കാൻ ഒരു കാലം

റവ. ഫാ. ജോൺസൺ തൗണ്ടയിൽ

**ഏ**റെ വേഗത്തിൽ ഒരു വർഷം കൂടി കടന്നു പോയിരിക്കുന്നു. കണ്ണടച്ചു തുറക്കുംമുമ്പ് 2007 കടന്നുപോയ പ്രതീതി. എങ്കിലും കഴിഞ്ഞ ഒരു വർഷം നമ്മുടെ സമൂഹത്തിലും ചിന്താഗതിയിലും വന്നു ഭവിച്ച മാറ്റങ്ങൾ ഏറെ പ്രകടമാണ്. വിപ്ലവാത്മകമായി ഐ.ടി. സാധ്യതകളിലേയ്ക്ക് ജാലകം തുറന്നിട്ടിരിക്കുന്നു. മെട്രോ ട്രെയിൻ സാധ്യതകളെപ്പറ്റി ചിന്തിക്കുവാൻ മുഖ്യമന്ത്രി ശ്രീധരനുമായി ചർച്ച നടത്തി. വല്ലാർപാടം സ്വപ്നം ഏറെക്കുറെ സാധ്യമാണെന്നു ചിന്തിക്കുവാൻ വകയായി. ഏറെ ബുദ്ധിമാനായ മന്ത്രി ഐസക് തോമസ് കാരണം നീണ്ടുപോയ റോഡു വികസനം പുതിയ മുഖം നേടിയിരിക്കുന്നു. വാ പോയ കോടാലിയാണെങ്കിലും സുധാകരൻ ചില സത്യങ്ങൾ പറഞ്ഞിരിക്കുന്നു. രാഷ്ട്രീയക്കാരിൽനിന്നും അർദ്ധസത്യങ്ങൾ പോലും പ്രതീക്ഷിക്കപ്പെടാത്തിടത്ത് ഇത് വലിയ വിപ്ലവമാണ്. പരിപൂർണ്ണ കമ്മീഷൻ റിപ്പോർട്ട് ചവറ്റുകൊട്ടയിൽ വീഴുമെന്ന് ഉറപ്പാണെങ്കിലും മതങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും മേൽ രാഷ്ട്രീയക്കാരന്റെ കടന്നുകയറ്റത്തിന് അറുതി വരുത്തേണ്ട കാലമായി എന്നു വെളിപ്പെട്ടു. കുത്തകമുതലാളിയായ കമ്മ്യൂണിസ്റ്റു പാർട്ടി സെക്രട്ടറിയുടെ ജൽപ്പനങ്ങളെ നമുക്കും മറക്കാം. കൂട്ടായ്മയില്ലാത്ത കൂട്ടുമുന്നണിയുടെ വിവരക്കേടുകളോട് നമുക്കും പൊറുക്കാം. കരുണാകരൻ മടങ്ങിയെത്തുന്ന കോൺഗ്രസ്സിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.





ഈ രാഷ്ട്രീയ പേക്കൂത്തുകളെ നമുക്കു ചിരിച്ചു തള്ളാമെങ്കിലും ചില സത്യങ്ങളെ മറന്നു മുന്നോട്ടു പോവുക സാധ്യമല്ല. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും അന്താരാഷ്ട്ര ഭീകരന്മാരെ പിടികൂടി എന്നത് ശുഭകരമായ വാർത്തയല്ല. ആർക്കും കടന്നു വരുവാൻ ഇരുകൈയ്യും വീശി നടക്കുവാനും പോന്ന വിധം നമ്മുടെ നീതി പാലനവ്യവസ്ഥ അധഃപതിച്ചു എന്നു കരുതരുത്. ഇത്തരം സംഭവങ്ങൾക്ക് ഓരോ വ്യക്തിയും ഉത്തരവാദികളാണ്. നമ്മുടെ സംസ്ക്കാരത്തിൽ അപരിചിതത്വം ഏറിവരുന്നു. തൊട്ടടുത്തു ജീവിക്കുന്നവനെ അറിയാൻ കഴിയാത്ത അന്തരീക്ഷം ഇവിടെയും സംഭവിച്ചിരിക്കുന്നു. ലോകം ചുരുങ്ങി ഒരു കൊച്ചുഗ്രാമമായി മാറിയപ്പോൾ ഓരോ വ്യക്തിയും അവന്റെ മതിൽക്കെട്ടിനുള്ളിലേയ്ക്ക് ഒതുങ്ങിക്കൂടുന്നു. തനിക്കു ചുറ്റും ശത്രുക്കളാണെന്ന മനോഭാവത്തിൽ അപരനെതിരെ നാം വാതിൽ കൊട്ടിയടയ്ക്കുന്നു. ഞങ്ങളോടുകൂടെയല്ലാത്തവർ ഞങ്ങളുടെ ശത്രുക്കളാണെന്ന ബുഷിന്റെ വാക്ക് എല്ലാനാവിനും സ്വന്തമായി മാറുന്നു. ഏറെ വളർന്നുവെന്ന അവകാശവാദങ്ങളിൽപോലും ഭയം നമ്മെ കീഴടക്കുന്നു. ആരാണ് തന്റെ കൂടെയെന്നും ശത്രുവെന്നും തിരിച്ചറിയാതെ, തിരിച്ചറിയുന്ന ശത്രുക്കളെ പോലും നിഷേധിക്കാനാവാത്ത കുരുക്കുകൾ സ്വയം സമർപ്പിച്ചു മനുഷ്യൻ ഇഴഞ്ഞു നീങ്ങുന്നു. സാമ്പത്തിക വ്യവസായ മേഖലകളിലെ പല പോരായ്മകളെ നമുക്കറിയാമെങ്കിലും പിന്നോക്കം പോകാനാവാത്തവിധം നാം കുടുക്കിൽപ്പെട്ടിരിക്കുന്നു.

ഏതു മുക്കിലും മൂലയിലും ആരാധനാലയങ്ങളിൽപ്പോലും മൊബൈലിന്റെ സുന്ദരനാദങ്ങൾ മുഴങ്ങുന്നു. എന്റെ സുഹൃത്ത് എന്റെ പോക്കറ്റിലുണ്ടെന്നു സൂചിപ്പിക്കുന്ന ശബ്ദമാണിത്. എങ്കിലും ഇവയുടെ യാന്ത്രികതയെ അംഗീകരിക്കാതെ നിർവ്വാഹമില്ല. സ്നേഹമുള്ളവർ തമ്മിൽ സംസാരിക്കുമ്പോൾ ഹൃദയത്തിലാണ് ചൂടുപിടിക്കേണ്ടത് ആധുനികതയുടെ മൊബൈൽ ഫോണുകൾ നമ്മുടെ തൊലിപ്പുറത്തു മാത്രമാണ് ചൂട് പകരുന്നത്. കച്ചവട സമവാക്യങ്ങൾ നമ്മുടെ ബന്ധങ്ങളേയും തീരുമാനിക്കുന്നത് ശുഭകരമായ കാര്യമല്ല.